# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരൂരങ്ങാടി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM25/1708/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/08/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
തിരൂരങ്ങാടി മുനിസിപ്പാലിറ്റി

സർ,

വിഷയം : തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM25/1708/2022 തീയ്യതി: 01/08/2022

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2020 മുതൽ 03-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുള്ള എ.സി., ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലത ഒ വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സക്കീന കെ , ഓഡിറ്റർ

ശ്രീമതി ഷീബ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റഹീദ കെ. ടി. | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. നാസ്സിം.ഇ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സിങ് റസ്സൽ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-01-2020 |
| ശ്രീ. ജോർജ് സക്കറിയ | മുനിസിപ്പൽ എഞ്ചിനിയർ | 01-02-2020 | 07-03-2020 |
| ശ്രീ. രഞ്ചിത്ത് വി ആർ | മുനിസിപ്പൽ എഞ്ചിനിയർ | 08-03-2020 | 31-03-2020 |
| ഡോ. പ്രശാന്ത്. ജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. അനൂപ് വി പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-05-2019 |
| ഡോ .ഷാഹിന ടി യു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-06-2019 | 31-03-2020 |
| ശ്രീ. വിഷ്ണു.ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. രേഷ്മ.എസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഹരിദാസൻ.സി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി (മെഡിക്കൽ ഓഫീസർ) | 01-04-2019 | 31-03-2020 |
| ശ്രീമതി. മിനി പിലാക്കാട്ട് | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലീന തോമസ്. | പ്രിൻസിപ്പാൾ | 01-04-2019 | 31-05-2019 |
| ശ്രീ. ഷംസുദ്ധീൻ പി | പ്രിൻസിപ്പാൾ | 01-06-2019 | 25-06-2019 |
| ശ്രീമതി. പ്രിൻസി തോമസ് | പ്രിൻസിപ്പാൾ | 26-06-2019 | 22-07-2019 |
| ശ്രീ പ്രതാപൻ കെ | പ്രിൻസിപ്പാൾ | 23-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Sakeena K (Auditor, On 24-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 24-07-2022)<br>Last Updated By: Sakeena K (Auditor, On 25-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-12 |
| 13 | വസ്തു നികുതി അപാകതകൾ<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-13 |
| 14 | വസ്തുനികുതി- സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിവരങ്ങൾ നൽകി വസ്തു നികുതി നിർണ്ണയിച്ചു<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-14 |
| 15 | ക്രമപ്രകാരമല്ലാതെ/ചട്ടം ലംഘിച്ച് കൊണ്ട് കെട്ടിടങ്ങൾക്ക് നമ്പറുകൾ അനുവദിച്ചു<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-15 |
| 16 | അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി.<br>Written By: SHEEBA P (Auditor, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-16 |

| | | |
|---|---|---|
| 17 | ഡയാലിസിസ് സെന്ററിലേക്ക് മരുന്ന വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായില്ല.<br>Written By: Sakeena K (Auditor, On 22-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-17 |
| 18 | മരാമത്ത് പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ സാധനങ്ങൾ വിനിയോഗിച്ചില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-18 |
| 19 | ഗുണഭോക്തൃ സമിതി പ്രവൃത്തി -സർക്കാർ നിർദ്ദേശം പാലിക്കാതെ നടപ്പാക്കി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-19 |
| 20 | സ്കൂളുകളിൽ വായനാ പരിശീലനം - പദ്ധതി നടത്തിപ്പ് രേഖകൾ ലഭ്യമല്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-20 |
| 21 | ഓഡിറ്റ് പരാമർശം-അധികം നൽകിയ ₹ 32650 തിരിച്ചടച്ചു<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-21 |
| 22 | സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്റ്റ് നടപ്പാക്കി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-22 |
| 23 | സ്കൂളുകളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കൽ (136/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-22-1 |
| 24 | സ്കൂളുകളിൽ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ (201/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-22-2 |
| 25 | ജി എൽ പി എസ് തിരൂരങ്ങാടി , ജി എം യു പി എസ് വെന്നിയൂർ എന്നിവയുടെ ഭൗതിക സൌകര്യം മെച്ചപ്പെടുത്തൽ ( 287/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-22-3 |
| 26 | ജി.എച്ച്.എസ്.എസ്. തിരൂരങ്ങാടി ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ (309/20)<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-22-4 |
| 27 | സർക്കാർ സ്കൂളിൽ ലൈബ്രറികൾ സ്ഥാപിക്കൽ - സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനം വിതരണം ചെയ്തില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-23 |
| 28 | GST രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് GSTഈടാക്കിയിട്ടില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-24 |
| 29 | വിവിധ ഘടക സ്ഥാപനങ്ങളുടെ മെയിന്റനൻസ്<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-24-1 |
| 30 | കക്കാട് ചെറുമുക്ക് റോഡ് ഐറിഷ് ഡ്രൈനേജ്.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-24-2 |
| 31 | കൺസ്ട്രക്ഷൻ ഓഫ് NSS പൂക്കാട് പാത്ത്‌വേ വാർഡ് 22<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-24-3 |
| 32 | പത്തായക്കുണ്ട് പാത്ത്‌വേ നിർമ്മാണം.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-24-4 |

| | | |
|---|---|---|
| 33 | പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-25 |
| 34 | സെന്റർ നം 71 വെഞ്ചാലി അംഗണവാടി കെട്ടിട നിർമ്മാണം ( 236/20 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-25-1 |
| 35 | സൗത്ത് സി.കെ നഗർ റോഡ് പുനരുദ്ധാരണം. ( 213/20 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-25-2 |
| 36 | ചുണങ്ങ് റോഡ് കോൺക്രീറ്റിംഗ്. ( 231/20 )<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-25-3 |
| 37 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 1-26 |
| 38 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-27 |
| 39 | ഇ. ടെണ്ടർ - ടെണ്ടർ ഫീ നഗരസഭയിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-28 |
| 40 | പ്രളയബാധിത കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമാണത്തിന് ധനസഹായം : സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 1-29 |
| 41 | സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്റ്റ് നടപ്പാക്കി.<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-30 |
| 42 | LED തെരുവുവിളക്കുകൾ സ്ഥാപിയ്ക്കൽ -സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-31 |
| 43 | തെരുവുവിളക്കുകൾ മെയിൻറനൻസ് : അപാകതകൾ<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-32 |
| 44 | പദ്ധതി മോണിറ്ററിംഗ് :ചെലവു രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Latha.O.V (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-33 |
| 45 | സർക്കാർ ഉത്തരവ് പാലിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങൽ നടത്തി<br>Written By: SHEEBA P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-34 |
| 46 | കെട്ടിട നിർമ്മാണാനുമതി -അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല<br>Written By: SHEEBA P (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sakeena K (Auditor, On 19-07-2022) | 4-1 |

| | | |
|---|---|---|
| | Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Sakeena K (Auditor, On 19-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Sakeena K (Auditor, On 19-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Sakeena K (Auditor, On 19-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്.<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Sakeena K (Auditor, On 23-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 29-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Sakeena K (Auditor, On 23-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Sakeena K (Auditor, On 19-07-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sakeena K (Auditor, On 19-07-2022)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 31-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| (1)28.02.2019 | (1)28.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31-07-2020 | 30-07-2020 |

### 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 60605006 |
| വരവ് | 139152889 |
| ആകെ | 199757895 |
| ചെലവ് | 137044158 |
| നീക്കിയിരിപ്പ് | 62713737 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 19517091 | 19517091 | 13141203 | 6375888 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6453000 | 6453000 | 604555 | 5848445 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8202000 | 8202000 | 3408773 | 4793227 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6444000 | 6444000 | 5700500 | 743500 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 13413000 | 13413000 | 6567991 | 6845009 |
| ബി ഫണ്ട് | 0 | | | | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 143008581 | 112 | 58583193 | 0 | 145 | 43.5 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 3017476 | 5150811.7 | 8168287.7 | 4205593.27 | 396269.43 |

കുറിപ്പ്: എ.യു .ഇ. ജി.എസ്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

ടി- വരവ് ചെലവുകൾ എ.എഫ്.എസ്.ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക- 1-11 കാണുക)

## 1-7 ക്ഷേമ പദ്ധതികൾ

2019-20 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8640 | 8 |
| കർഷകതൊഴിലാളി വേതനം | 974400 | 159 |
| വിധവാ പെൻഷൻ | 9619200 | 1665 |
| വാർദ്ധക്യകാല പെൻഷൻ | 15979800 | 2756 |
| വികലാംഗ പെൻഷൻ | 3229500 | 641 |
| വിവാഹ ധനസഹായം | - | - |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 250800 | 41 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-07-2022 ന് 11 .00-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 8299/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ നഗരസഭയുടെ ആഭ്യന്ത നിയന്ത്രണത്തിൽ ഗൗരവതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഫ്രണ്ട് ഓഫീസ് മുഖേന ലഭിക്കുന്ന അപേക്ഷകൾ സെക്ഷൻ പൂർണ്ണമായി കൈപ്പറ്റുന്നില്ല .

ഫ്രണ്ട് ഓഫീസ് മുഖേന നഗരസഭയിൽ ലഭിക്കുന്ന തപാലുകൾ പൂർണ്ണമായി വിതരണം ചെയ്യിട്ടില്ല. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പരിശോധിച്ചതിൽ സെക്ഷനുകൾ കൈപ്പറ്റാത്ത തപാലുകൾ ഉള്ളതായി വ്യക്തമായി. കൂടാതെ പല തപാലുകളും തിയ്യതി രേഖപ്പെടുത്താതെ കൈപ്പറ്റിയതായും കാണുന്നു.

2) ഡിമാന്റ് രജിസ്റ്ററുക ൾ ശരിയായി എഴുതിയിട്ടില്ല .

നഗരസഭയുടെ വിവിധ വരവുകളുടെ വിവരം രേഖപ്പെടുത്തുന്ന ഡിമാന്റ് രജിസ്റ്ററുകൾ- തൊഴിൽ നികുതിഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ഉടങ്ങിയവ എഴുതി പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) കെട്ടിട നിർമ്മാണാനുമതി - അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച .

കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ പൂർണ്ണമായി നടപടി സ്വീകരിക്കാത്തതായും, നടപടി സ്വീകരിക്കുന്നവയിൽത്തന്നെ ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി നടപടികൾ സ്വീകരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

4) കെട്ടിട നമ്പറിംഗ് - അപേക്ഷകൾ ശരിയായി സൂക്ഷിക്കുന്നില്ല.

നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പറിംഗിനും നികുതി ചുമത്തുന്നതിനുമായി ലഭിക്കുന്ന അപേക്ഷകൾ ശരിയായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽത്തന്നെ തൻവർഷം ലഭിച്ച എല്ലാ അപേക്ഷകളിലും തുടർ നടപടി സ്വീകരിച്ചോ എന്നത് ഉറപ്പുവരുത്താനായിട്ടില്ല. അപേക്ഷകൾ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്യിട്ടില്ല.

5) തെരുവ് വിളക്ക് , വാട്ടർ ടാപ്പ് എന്നിവയുടെ വ്യക്തമായ വിവരം സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ നഗരസഭ പ്രതിമാസം വൻതുക ചെലവഴിക്കുന്നുണ്ടെങ്കിലും ഇവയുടെ എണ്ണം, തരം, പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച് നഗരസഭയിൽ യാതൊരു രേഖകളും ലഭ്യമല്ല. സ്ട്രീറ്റ്ലൈറ്റ്, പൊതു വാട്ടർ ടാപ്പ് എന്നിവയുടെ വിവരം രേഖപ്പെടുത്തി രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

6) സ്റ്റോക്ക് രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല.

നഗരസഭയുടെയും വിവിധ നിർവഹണോദ്യോഗസ്ഥരുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ പൂർണ്ണമായി വിവരങ്ങൾ ചേർക്കാതെയാണ് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നത് എന്ന് വ്യക്തമായി.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| *പെർഫോമൻസ് ഓഡിറ്റ് | - | - | - |
| എ ജി ഓഡിറ്റ് | 28-12-2018 | 2013-14,2017-18 | 8/2/19 |

(*കുറിപ്പ് : പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടുള്ളത് ഗ്രാമപഞ്ചായത്ത് ആയ സമയത്താണ്. ഇതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. തിരൂരങ്ങാടി നഗരസഭയായതിനു ശേഷം (01.11.15 മുതൽ) പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല)

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-7 ഷെഡ്യൂളിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ എ.എഫ്.എസ്.ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) NULM പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് വാർഷിക കണക്കിലെ RP-40(a)യുമായി പൊരുത്തപ്പെടുന്നില്ല.

5) ബി.18 ഷെഡ്യൂളിൽ Advance To Others എന്ന ഇനത്തിൽ 1200 രൂപ മുൻകൂർ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് 2015-16 മുതൽ Carry Forward ചെയ്ത് വരുന്ന തുകയാണെന്ന് ലഡ്ജറിൽ നിന്ന് വ്യക്തമാകുന്നു. തുക നാളിത് വരെ ക്രമീകരിച്ചിട്ടില്ല.

6) വസ്തു നികുതി സംബന്ധിച്ച സഞ്ചയയിൽ നിന്നുള്ള DCB പത്രിക പ്രിന്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

7) ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തിയിട്ടില്ല. (ഉദാ. B-1, B-9 ഷെഡ്യൂളുകൾ).

8). താഴെ പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| | |
|---|---|
| 1 | Profession Tax - Institutions / Professionals / Traders |
| 2 | Profession Tax - Employees |
| 3 | Rent From Building |
| 4 | Rent From Hall |
| 5 | Rent From Other Civic Amenities |
| 6 | Private Hospital & Paramedical Institutions Registration Fee |
| 7 | Tutorial College Registration Fee |
| 8 | Licence Fees For Dangerous & Offensive Traders |
| 9 | Fees For Construction Of Buildings |
| 10 | Fees For Installation Of Machinery |
| 11 | Regularization Fees |
| 12 | Sale Of Tender Forms |

9). ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ പ്രകാരം ജനറൽ ഫണ്ട് (310100100) നീക്കിയിരിപ്പ് 24454160 രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 102175442 രൂപയുമാണ്.

10). ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ പ്രകാരം Excess Of Income Over Expenditure (310900100) നീക്കിയിരിപ്പ്

86284965 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 8563683 രൂപയാണ്.

11) ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല.

12) ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയ വിവരം ലഭ്യമായിട്ടില്ല.

13) കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
14)ഓഡിറ്റ് റിക്കവറി പ്രകാരമുള്ള 2352 രൂപ ബാധ്യത ഇനത്തിലുള്ള ശീർഷകത്തിലാണ് വാർഷിക ധനകാര്യ പത്രികയിൽ ബുക്ക് ചെയ്തിട്ടുള്ളത്.ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
15) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള സ്ഥിര നിക്ഷേപം വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(20/18-7-22) അപാകതകൾ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

2019-20ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെതൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു (അടവിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം | ജീവനക്കാരുടെ /സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|---|---|
| 1 | 34 | ചെമ്മാട് ഡെന്റൽ ക്ളിനിക്ക് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 2 | 37 | റിലയൻസ് എസ് എം എസ് ലിമിറ്റഡ്,ചെമ്മാട് | ഒന്നാംഅർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 3 | 38 | ഓറിയന്റൽ HSS തിരൂരങ്ങാടി | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 4 | 47 | Edges Advanced Institute Of Mobile Phone Technology | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 5 | 54 | Home Land Traders,തിരൂരങ്ങാടി | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 6 | 65 | BSNL തിരൂരങ്ങാടി | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 7 | 69 | POPUAR VEHCLES&SERVICES LTD | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 8 | 73 | AL AMEEN DENTAL CLINIC,VENNIYUR | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 9 | 89 | UNITED INDIA INSURENCE CO LTD | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 10 | 90 | ZEENATH SILKS&SAREES,CHEMMAD | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല, |
| 11 | 92 | ZEENATH COLLEGE ,CHEMMAD | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 12 | 104 | ചെമ്മണ്ണൂർ ക്രഡിറ്റേർസ് & ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ് ,ചെമ്മാട് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 13 | 111 | KMMMO ARABIC COLLEGE,CEMMAD | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 14 | 113 | കത്തോലിക് സിറിയൻ ബാങ്ക്,തിരൂരങ്ങാടി | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 15 | 125 | BAKER MALL,CHEMMAD | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 16 | 131 | ശാഫി ആയുർവ്വേദിക് മർമ്മ ചികിത്സാലയം | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 17 | 143 | ദർശന ടെക്സ്റ്റയിൽസ്,ചെമ്മാട് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 18 | 145 | തിരൂരങ്ങാടി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ &റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക് | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 19 | 146 | RELAY DENTAL CLINIC ,CHEMMAD | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 20 | 149 | FLS HOTEL | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 21 | 150 | ഡോ,റിയാസ് അലിസ് ഓർത്തോകെയർ ആയുർവ്വേദിക് ക്ളിനിക് ,വെന്നിയൂർ | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 22 | 152 | ഹോണസ്റ്റ് ബേക്കറി,ചെമ്മാട് | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 23 | 153 | നൗറൽ ഹുദ ഇംഗ്ളീഷ് മീഡിയം സ്കൂൾ,ചെമ്മാട് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 24 | 154 | അക്ബർ ട്രാവൽസ്,ചെമ്മാട് | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 25 | 155 | കോഹിനൂർ ഹോട്ടൽ,ചെമ്മാട് | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 26 | 160 | KVR ICE PANT | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 27 | 162 | നീതി ലാബ്,ചെമ്മാട് | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 28 | 164 | ഹോണസ്റ്റ് ബേക്കിംഗ്,ചെമ്മാട് | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 29 | 165 | BAKE N FRESH | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 30 | 167 | ഷിഫ അക്യുപങ്ച്ചർ സെന്റർ ,കക്കാട് | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 31 | 171 | പ്രൊപ്പറൈറ്റർ തേജസ് പെട്രോളിയം,ചെമ്മാട് | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 32 | 175 | അഷ്റഫ് ബുക്ക് സെന്റർ,തിരൂരങ്ങാടി | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 33 | 176 | പ്രൊപ്പറൈറ്റർ ഐറൻ ഒപ്റ്റിക്കൽസ് & ഐ ക്ളിനിക്ക്,ചെമ്മാട് | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 34 | 177 | KOOLATH PETROLIUM | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 35 | 178 | ARABIAN FORDS | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 36 | 179 | PICARDO FOOTWARE,CHEMMAD | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 37 | 183 | CHEMMAD HEARING CARE & SPEECH THERAPY CLINIC | രണ്ടാംഅർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 38 | 185 | FIYOMII,MAIN ROAD ,CHEMMAD | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 39 | 186 | SHEFFUT GAS AGENCIES ,THIRURANGADI | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 40 | 194 | AXIS BANK | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 41 | 197 | TRUE CARE MEDICAL CENTRE | രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 42 | 199 | CARD BANK ,THIRURANGADI | ഒന്ന്,രണ്ട് അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |
| 43 | 200 | YARA HYPER LLP | ഒന്നാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല |

കേരള മുനിസിപ്പൽ ആക്റ്റ്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (24/18-7-22)മറുപടി ലഭ്യമായിട്ടില്ല.
മേൽ പരാമർശിച്ച ജീവനക്കാരിൽ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി അപാകതകൾ

നഗരസഭ ലഭ്യമാക്കിയ സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ(2019-20,2020-21) പ്രകാരമുള്ള നമ്പർ/ഒക്കുപ്പൻസി അനുവദിച്ച കെട്ടിടങ്ങളുടെ ഫയലുകൾ വാർഷിക ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ ശ്രീ.അബ്ദുൽ റസാഖ്, മൂസാക്കനകത്ത് എന്നവരുടെ ഭൂമിയിൽ (റീ.സർ.നം 10/8 )നിർമ്മിച്ച 156.25ചമീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടുണ്ട് (അസ്സസ്സ്മെന്റ് തിയ്യതി 29.07.19). ഫയൽ ( Pw2 1796/19dt.24/7/19) പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടു.

1)നമ്പർ നൽകിയതിന് ആധാരമാക്കിയ രേഖകൾ ലഭ്യമല്ല.

ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ,ആധാരം എന്നിവയുടെ പകർപ്പുകൾ ഫയലില്ല.
ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണ്.

2.വഴി സൗകര്യത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചില്ല

കെട്ടിട ഉടമ സമർപ്പിച്ച സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിന് 7 മീറ്റർ വീതിയുള്ള വഴി സൗകര്യം ഉണ്ട്. 2011- ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 (പട്ടിക 2) പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചത്.

മേൽ നിർദേശങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടത്തിന്റെ തരം : 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ

അടിസ്ഥാന വസ്തു നികുതി : 80 രൂപ (ചതുരശ്ര മീറ്റർ)

കെട്ടിടത്തിന് അനുവദിച്ച നമ്പർ : 1/75A മുതൽ Hവരെ

നികുതി നിർണ്ണയിച്ച് ഈടാക്കിയത് : 2018-19രണ്ടാം അർദ്ധവർഷം മുതൽ

| 1. കെട്ടിടം 1/75A | | |
|---|---|---|
| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
| തറവിസ്തീർണ്ണം (M2) | 23.69 | 23.69 |
| അടിസ്ഥാന വസ്തു നികുതി - @ 80/ M2 | 1895.2 | 1895.2 |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 189.52 | 189.52 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് | - | - |
| ആകെ ഇളവ് - 10% | 189.52 | 189.52 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | കണക്കിലെടുത്തില്ല | 379.04 |
| ആകെ | 1706 | 2085 |
| ലൈബ്രറി സെസ്സ് - 5% | 86 | 105 |

കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 379(2085– 1706) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 19(86 - 105) രൂപയും കുറവ് വന്നിട്ടുണ്ട്.

| 2. കെട്ടിടം 1/75B | | |
|---|---|---|
| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
| തറവിസ്തീർണ്ണം (M2) | 23.68 | 23.68 |
| അടിസ്ഥാന വസ്തു നികുതി - @ 80/ M2 | 1894.4(@80/m2) | 1894.4(@80/m2) |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 189.44 | 189.44 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് | - | - |
| ആകെ ഇളവ് - 10% | 189.44 | 189.44 |
| വഴി സൗകര്യത്തിന്റെ | കണക്കിലെടുത്തില്ല | 378.8 |

| | | |
|---|---|---|
| അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | | |
| ആകെ | 1706 | 2084 |
| ലൈബ്രറി സെസ്സ് - 5% | 86 | 105 |

വസ്തു നികുതി നിരക്ക്, കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് എന്നിവ കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 378(2084- 1706) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 19(105- 86) രൂപയും കുറവ് വന്നിട്ടുണ്ട്.

| 3. കെട്ടിടം 1/75C | | |
|---|---|---|
| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
| തറവിസ്തീർണ്ണം (M2) | 23.68 | 23.68 |
| അടിസ്ഥാന വസ്തു നികുതി - @ 80/ M2 | 1894.4(@80/m2) | 1894.4(@80/m2) |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 189.44 | 189.44 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് | - | - |
| ആകെ ഇളവ് - 10% | 189.44 | 189.44 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | കണക്കിലെടുത്തില്ല | 378.8 |
| ആകെ | 1706 | 2084 |
| ലൈബ്രറി സെസ്സ് - 5% | 86 | 105 |

വസ്തു നികുതി നിരക്ക്, കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് എന്നിവ കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 378(2084- 1706) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 19(105- 86) രൂപയും കുറവ് വന്നിട്ടുണ്ട്.

| 4. കെട്ടിടം 1/75D | | |
|---|---|---|
| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
| തറവിസ്തീർണ്ണം (M2) | 23.71 | 23.71 |
| അടിസ്ഥാന വസ്തു നികുതി - @ 80/ M2 | 1896.8(@80/m2) | 1896.8(@80/m2) |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 189.68 | 189.68 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് | - | - |
| ആകെ ഇളവ് - 10% | 189.68 | 189.68 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | കണക്കിലെടുത്തില്ല | 379.36 |
| ആകെ | 1708 | 2087 |
| ലൈബ്രറി സെസ്സ് - 5% | 86 | 105 |

വസ്തു നികുതി നിരക്ക്, കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് എന്നിവ

കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 379(2087- 1708) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 19(105- 86) രൂപയും കുറവ് വന്നിട്ടുണ്ട്.

| 5. കെട്ടിടം 1/75E,1/75F,1/75G | | |
|---|---|---|
| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
| തറവിസ്തീർണ്ണം (M2) | 15.38 | 15.38 |
| അടിസ്ഥാന വസ്തു നികുതി - @ 80/ M2 | 1230.4(@80/m2) | 1230.4@80/m2) |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 123.04 | 123.04 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് | - | - |
| ആകെ ഇളവ് - 10% | 123.04 | 123.04 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | കണക്കിലെടുത്തില്ല | 246.08 |
| ആകെ | 1054 | 1354 |
| ലൈബ്രറി സെസ്സ് - 5% | 53 | 68 |

വസ്തു നികതി നിരക്ക്, കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് എന്നിവ കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം E,F,G എന്നീ ഓരോ കെട്ടിടത്തിനും വസ്തു നികുതി ഇനത്തിൽ 250(1354- 1054) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 15(68- 53) രൂപയും കുറവ് വന്നിട്ടുണ്ട്.

| 8. കെട്ടിടം 1/75H | | |
|---|---|---|
| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് |
| തറവിസ്തീർണ്ണം (M2) | 15.36 | 15.36 |
| അടിസ്ഥാന വസ്തു നികുതി - @ 80/ M2 | 1228.8@80/m2) | 1228.8@80/m2) |
| മേഖലകളുടെ അഅടിസ്ഥാനത്തിലുള്ള ഇളവ് (ദ്വിതീയം) - 10% | 122.88 | 122.88 |
| മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് | - | - |
| ആകെ ഇളവ് - 10% | 122.88 | 122.88 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് - 20% | കണക്കിലെടുത്തില്ല | 245.76 |
| ബഹു നില യിലുമുള്ള ഇളവ്(5%) | 55.3 | 68 |
| ആകെ | 1051 | 1283 |
| ലൈബ്രറി സെസ്സ് - 5% | 53 | 65 |

വസ്തു നികതി നിരക്ക്, കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് എന്നിവ കണക്കിലെടുക്കാതെ വസ്തു നികുതി നിർണ്ണയിച്ചത് മൂലം വസ്തു നികുതി ഇനത്തിൽ 232(1283- 1051) രൂപയും ലൈബ്രറി സെസ്സ് ഇനത്തിൽ 12(65- 53) രൂപയും കുറവ് വന്നിട്ടുണ്ട്. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 32/21.07.2022) മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിച്ച് നികുതി പുനർ നിർണ്ണയം നടത്തി ഡിമാന്റ് ചെയ്ത് കുടിശ്ശിക തുക 2018-19 രണ്ടാം അർദ്ധവർഷം മുതൽ ക്രമീകരിക്കുന്നത് വരെ ഉൾപ്പെടെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി- സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിവരങ്ങൾ നൽകി വസ്തു നികുതി നിർണ്ണയിച്ചു

നഗരസഭ ലഭ്യമാക്കിയ സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ(2019-20) പ്രകാരമുള്ള നമ്പർ/ഒക്കുപ്പൻസി അനുവദിച്ച കെട്ടിടങ്ങളുടെ ഫയലുകൾ വാർഷിക ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ ശ്രീ അബ്ദുൽ അസീസ് എം.കെ,മണക്കടവത്ത് എന്നവരുടെ ഭൂമിയിൽ (റീ.സർ.നം 176/6 .0465ഹെക്ടർ ) നിർമ്മിച്ച 736.31ചമീ [588.5 (ക്വാട്ടേഴ്സ്)+147.81(വാണിജ്യം)] വിസ്തീർണ്ണമുള്ള ക്വാട്ടേഴ്സ്-വാണിജ്യ കെട്ടിടത്തിന് ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചിട്ടുണ്ട്.ഫയൽ ( Pw2 6249/19 Dt.14/5/19) പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടു.

RI സ്ഥല പരിശോധന നടത്തി ഈ കെട്ടിടത്തിന് ചുവടെ ചേർക്കും പ്രകാരം നമ്പർ അനുവദിക്കാമെന്ന്(26-8-19ന്) കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.ആയത് സെക്രട്ടറി അംഗീകരിച്ചിട്ടുമുണ്ട്.എന്നാൽ ഈ നമ്പറിലെ സഞ്ചയ വിവരങ്ങൾ പരിശോധിച്ചതിൽ സഞ്ചയ വിവരങ്ങൾ കുറിപ്പ് ഫയലിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല എന്ന് വ്യക്തമായി .വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| കുറിപ്പ് ഫയൽ പ്രകാരം | | സഞ്ചയ പ്രകാരം | | കുറിപ്പ് |
|---|---|---|---|---|
| കെട്ടിട നമ്പർ | വിസ്തീർണ്ണം | കെട്ടിട നമ്പർ | വിസ്തീർണ്ണം | |
| 20/88A(ക്വാട്ടേഴ്സ്) | 71.1ചമീ | 20/88A | 46.2ചമീ | കെട്ടിട ഉടമയുടെ പേര് ചേർത്തിട്ടില്ല. |
| 20/88B(ക്വാട്ടേഴ്സ്) | 71.1ചമീ | 20/88B | 47.6 | കെട്ടിടം ഇയാളുടെ പേരിലുള്ളതല്ല |
| 20/88C(ക്വാട്ടേഴ്സ്) | 76.025 | 20/88C((പാർപ്പിടം) | 46.2 | കെട്ടിടം ഇയാളുടെ പേരിലുള്ളതല്ല |
| 20/88D(ക്വാട്ടേഴ്സ്) | 76.025 | 20/88D | സഞ്ചയയിൽ ഇല്ല. | |
| 20/88E(ക്വാട്ടേഴ്സ്) | 71.1 | 20/88E | സഞ്ചയയിൽ ഇല്ല. | |
| 20/88F(ക്വാട്ടേഴ്സ്) | 71.1 | 20/88F | 71.1 | ലോഡ്ജ് |
| 20/88G(ക്വാട്ടേഴ്സ്) | 76.025 | 20/88G | 71.1 | ലോഡ്ജ് |
| 20/88H(ക്വാട്ടേഴ്സ്) | 76.025 | 20/88H | 76.23 | ലോഡ്ജ് |
| 20/88J(വാണിജ്യം) | 60.26 | 20/88J | 76.25 | ലോഡ്ജ് |
| 20/88K(വാണിജ്യം) | 87.55 | 20/88K | 71.1 | ലോഡ്ജ് |
| 20/88P | - | 20/88P | 60.26 | വാണിജ്യം |
| 20/88Q | - | 20/88Q | 87.55 | വാണിജ്യം |

കെട്ടിടത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ ചേർക്കുമ്പോൾ കൃത്യമായ വിവരങ്ങൾ ചേർക്കുന്നതിനും ഫയലുകളിൽ സഞ്ചയ പ്രകാരമുള്ള നികുതി നിർണ്ണയത്തിന്റെ പ്രിന്റ് ചേർത്തു വെക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ സഞ്ചയയിൽ ചേർത്തിട്ടുള്ള മറ്റ് ഫയലുകൾ ഉണ്ടോയെന്നത് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ആയതുൾപ്പടെയുള്ള അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (28/19-7-22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ക്രമപ്രകാരമല്ലാതെ/ചട്ടം ലംഘിച്ച് കൊണ്ട് കെട്ടിടങ്ങൾക്ക് നമ്പറുകൾ അനുവദിച്ചു

നഗരസഭ ലഭ്യമാക്കിയ സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ(2019-20) പ്രകാരമുള്ള നമ്പർ/ഒക്കുപ്പൻസി അനുവദിച്ച കെട്ടിടങ്ങളുടെ ഫയലുകൾ വാർഷിക ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടു.

നിലം/നഞ്ച ഭൂമിയിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിക്കാതെ ക്രമവൽക്കരിച്ചു നമ്പർ/ഒക്കുപ്പൻസി അനുവദിച്ചു.

A) ശ്രീ അഹമ്മദ് കുട്ടി ഹാജി വലിയ പീടിയേക്കൽ, എന്നവരുടെ നിലം ഭൂമിയിൽ (റീ.സർ.നം 225/3- .2914H) നിർമ്മിച്ച 298.28 M2 വിസ്തീർണ്ണമുള്ള ക്വാട്ടേഴ്സ് കെട്ടിടത്തിന് ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചിട്ടുണ്ട്. ( ഫയൽ നമ്പർ

A4/570/18 Dt.15/1/18)

മേൽ കെട്ടിടം നിർമ്മിച്ച ഭൂമി വില്ലേജ് രേഖകളിൽ WET LAND എന്നാണ്. മേൽ കെട്ടിടത്തിന് 15-1-18ന് സെക്രട്ടറി Occuppancy സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്(കെട്ടിട നമ്പർ 37/43A,B,C,D,E,F) സഞ്ചയയിൽ നമ്പറിന് അംഗീകാരം നൽകിയത് 24-4-19നാണ്. നിലം/നഞ്ച എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉത്തരവാദപ്പെട്ട അധികാരികളുടെ സമ്മതപത്രം ആവശ്യമാണ്. ഇത്തരത്തിലുള്ള ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല

B)ശ്രീ മൊയ്തീൻ പൂക്കയിൽ , എന്നവരുടെ നിലം ഭൂമിയിൽ (റീ.സർ.നം 173/7- .0607H) നിർമ്മിച്ച 189.76 M2 വിസ്തീർണ്ണമുള്ള ഗോഡൌൺ കെട്ടിടത്തിന് (23/671 B,C,D) ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചിട്ടുണ്ട്ഫയൽ ( ഫയൽ നമ്പർ A4/7622/17 Dt.19/6/17)

1)മേൽ കെട്ടിടം നിർമ്മിച്ച ഭൂമി വില്ലേജ് രേഖകളിൽ WET LAND എന്നാണ്. മേൽ കെട്ടിടത്തിന് 21-6-17ന് സെക്രട്ടറി Occuppancy സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.നിലം/നഞ്ച എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉത്തരവാദപ്പെട്ട അധികാരികളുടെ സമ്മതപത്രം ആവശ്യമാണ്. ഇത്തരത്തിലുള്ള ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)ഈ കെട്ടിട നമ്പർ(23/671B,C,D) നഗരസഭ ലഭ്യമാക്കിയ സഞ്ചയ അസ്സസ്മെന്റ് രജിസ്റ്ററിൽ ഈ നമ്പർ ഉൾപെട്ടിട്ടില്ല എന്ന് കാണുന്നു. ഈ കെട്ടിട നമ്പർ(23/671B,C,D) സഞ്ചയയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.
C)ശ്രീ അബ്ദുറസാഖ് മൂലത്തിൽ എന്നവരുടെ നിലം ഭൂമിയിൽ (റീ.സർ.നം 105/102/1c- 45.09 ആർ) നിർമ്മിച്ച 278.41m2 വിസ്തീർണ്ണമുള്ള ഓഫീസ് കം ഗോഡൌൺ കെട്ടിടത്തിന് ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചിട്ടുണ്ട് ( ഫയൽ നമ്പർ Pw2 5026/17 Dt.14/5/17)

1.കെട്ടിടത്തിന്റെ വസ്തുനികുതി റിട്ടേൺ (ഫോം-2) പ്രകാരം രേഖപ്പെടുത്തിയ കെട്ടിട നമ്പർ 23/512c ആണ്.എന്നാൽ സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ(2019-20) , പ്രകാരമുള്ള കെട്ടിട നമ്പർ 38/374 A എന്നാണ്.

2. വില്ലേജ് രേഖകളിൽ നിലം/നഞ്ച എന്നാണ്. മേൽ കെട്ടിടത്തിന് 6-5-17ന് സെക്രട്ടറി Occuppancy സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. സഞ്ചയയിൽ നമ്പറിന് അംഗീകാരം നൽകിയത് 24-4-19നാണ്. നിലം/നഞ്ച എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉത്തരവാദപ്പെട്ട അധികാരികളുടെ സമ്മതപത്രം ആവശ്യമാണ്. ഇത്തരത്തിലുള്ള ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള A,B,C കെട്ടിടങ്ങൾ എല്ലാം നിലം ഭൂമിയിൽ സെക്രട്ടറിയുടെ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നമ്പർ അനുവദിച്ചിട്ടുള്ളത്. ഈ ഫയലിലുകളിലൊന്നും തന്നെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തലോ റിപ്പോർട്ടോ ഇല്ല.മേൽ സൈറ്റ് ഇൻസ്പെക്ഷന് റിപ്പോർട്ട് 2008 ലെ Kerala Paddy Conservation Act, Cir.No 4545/RA1//11/LSGD Dt 22/1/2011 എന്നിവയുടെ അടിസ്ഥാനത്തിലാണ് എന്ന് ആയതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സർക്കുലർ പ്രകാരം വാസഗൃഹങ്ങൾക്കാണ് അനുമതി നൽകാവുന്നത്. മാത്രമല്ല റവന്യൂ, കൃഷി വകുപ്പ് പ്രധിനിധികൾ നിർബന്ധമായും ഉള്ള കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വീട് നിർമ്മാണത്തിന് അനുമതി നൽകാവുന്നത്.എന്നാൽ മേൽ കെട്ടിടങ്ങളിൽ B,C എന്നിവ വാസ ഗണത്തിൽപെട്ടതല്ല. ആയതിനാൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും സർക്കാരിൽ നിന്നും ക്രമവൽക്കരണ അനുമതി ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (34/22-7-22, 23/18-7-22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകേണ്ടത് മുനിസിപ്പൽ സെക്രട്ടറിയാണ് ( 1999 ലെ ചട്ടം 22, 2019 ലെ ചട്ടം 20 ). ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച ഏതാനും ഫയലുകളിൽ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ഒപ്പുവച്ചതായി കാണുന്നു.

| ഫയൽ നം. | കെട്ടിടത്തിന്റെ തരം/ വിസ്തീർണ്ണം |
|---|---|
| 1029/19 Dt 30.01.2019 | താമസം ( 43.3 $M^2$ ) |
| PW2-2015/2021 Dt20.01.2021 | താമസം ( 82.04 $M^2$ ) |
| PW2-1678/2020 Dt27.01.2020 | താമസം ( 80.69 $M^2$ ) |

| | |
|---|---|
| PW2-15552/2018 Dt31.10.2018 | താമസം ( 81.08 $M^2$ ) |
| PW2-1545/2020 Dt24.01.2020 | വാണിജ്യം ( 287.58 $M^2$ ) |

ഇത്തരത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകാൻ ആധാരമാക്കിയ സർക്കാർ നിർദ്ദേശം/ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഡയാലിസിസ് സെന്ററിലേക്ക് മരുന്ന വാങ്ങൽ -മരുന്ന് മുഴുവൻ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന മരുന്ന് വാങ്ങൽ പദ്ധതിക്ക് വേണ്ടി തുക മുൻകൂർ ആയി കെ എം സി എൽ ന നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നം/ പേര് | ബിൽ/ചെക്ക് നം | മുൻകൂർ നൽകിയ തുക | ലഭ്യമായ മരുന്നിന്റെ വിവരം | | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നം & തിയതി | തുക | |
| ഡയാലിസിസ് സെന്ററിലേക്ക് മരുന്നം അനുബന്ധസൌകര്യങ്ങളും ഒരുക്കൽ (294/19-20) | BRN1915064700500133790 1 DTD 19-2-20 | 499999/- | 59dtd 13.4.20 | 24384 | 43504 |
| | | | 64dtd 17.4.20 | 280318 | |
| | | | 155dtd 29.4.20 | 55550 | |
| | | | 295dtd29-5-20 | 23392 | |
| | | | 526dtd 1-7-20 | 9706 | |
| | | | 698/23-7-20 | 14417 | |
| | | | 854/6-8-20 | 9706 | |
| | | | 1787/25-11-20 | 39022 | |
| | | | ആകെ | 456495 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/18.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല.മരുന്ന് പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-18 മരാമത്ത് പ്രവൃത്തിയിൽ പൊളിച്ചുമാറ്റിയ സാധനങ്ങൾ വിനിയോഗിച്ചില്ല.

2019-20 ൽ മുനിസിപ്പൽ എഞ്ചിനിയർ നടപ്പാക്കിയ സെന്റർ നം 110 മൂഴിക്കൽ അരീപ്പാറ അംഗൻ വാടി കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ ( 1915064700560028911 8/ 29.06.2019 ₹1000000).

പഴയ കെട്ടിടം പൊളിച്ച ഷീറ്റ്, സ്റ്റീൽ മറ്റ് ഉരുപ്പടികൾ എന്നിവ സ്റ്റാക്ക് ചെയ്ത സാധനങ്ങൾ നഗരസഭക്ക് കൈമാറിയതിന്റെയോ വില്പന നടത്തി നഗരസഭയിലേക്ക് മുതൽക്കൂട്ടിയതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.

പൊളിച്ചുമാറ്റിയ സാധനങ്ങളുടെ വിവരം താഴെ നൽകുന്നു.

| | |
|---|---|
| GS റൂഫിംഗ് ഷീറ്റ് | 44.28 ചമീ |
| സ്റ്റീൽ | 418.20 Kg |
| വാതിൽ, ജനൽ | 5 എണ്ണം |

പൊളിച്ചുമാറ്റിയ പഴയ സാധനങ്ങൾ വിനിയോഗിച്ചതിന്റെയോ, അവ മുതൽക്കൂട്ടിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. സാധനങ്ങൾ നഗരസഭക്ക് കൈമാറിയിട്ടില്ല എങ്കിൽ സാധനങ്ങളുടെ വില പ്രവൃത്തിയുടെ ബില്ല് നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/16.07.22) മറുപടി ലഭ്യമാക്കിയില്ല.

## 1-19 ഗുണഭോക്തൃ സമിതി പ്രവൃത്തി -സർക്കാർ നിർദ്ദേശം പാലിക്കാതെ നടപ്പാക്കി.

2019-20 ൽ നഗരസഭയിൽ നടപ്പാക്കിയ ഏതാനം പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയത്. ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സർക്കുലറിലെ (No 1/ 1559/ CE/ LSGD Dt 13.11.2014 ) നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് നഗരസഭയിൽ പ്രവൃത്തികൾ

നടപ്പാക്കിയത്.

പ്രവൃത്തി സംബന്ധിച്ച താഴെ പരാമർശിക്കുന്ന രേഖകൾ ഇല്ലാതെയാണ് പ്രവൃത്തി നടത്തിയത്.

1. ഗുണഭോക്തൃ സമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച രേഖകൾ.
2. ഗുണഭോക്തൃ സമിതിയുടെ ബാങ്ക് പാസ്ബുക്ക്
3. കമ്മിറ്റി യോഗ മിനുട്സ്,
4. സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ,
5. തൊഴിലാളികൾക്ക് കൂലി നൽകിയതിന്റെ രേഖകൾ,

സർക്കാർ നിർദ്ദേശം പാലിക്കാതെ ഗുണഭോക്തൃ സമിതി പ്രവൃത്തി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/23.07.22) മറുപടി ലഭ്യമാക്കിയില്ല.

## 1-20 സ്കൂളുകളിൽ വായനാ പരിശീലനം - പദ്ധതി നടത്തിപ്പ് രേഖകൾ ലഭ്യമല്ല.

പ്രിൻസിപ്പാൾ നിർവഹണം നടത്തിയ സ്കൂളുകളിൽ വായനാ പരിശീലനം ( 194/20) എന്ന പ്രൊജക്ടിന്റെ ഭാഗമായി നഗരസഭയിലെ വിവിധ സ്കൂളുകളിൽ ഒരു അദ്ധ്യയന വർഷത്തിൽ (200 ദിവസം ) പത്രം ലഭ്യമാക്കുന്നതിന് പത്രസ്ഥാപനങ്ങൾക്ക് മുൻകൂറായി ₹ 199650 നൽകിയിട്ടുണ്ട്. ( 21900644/ 20.02.2020 )

സ്ഥാപനങ്ങളുടെ വിവരം താഴെ നൽകുന്നു.

| പത്രം | കോപ്പികൾ | നൽകിയ തുക |
|---|---|---|
| ചന്ദ്രിക | 100 | 100000 |
| മാതൃഭൂമി | 55 | 55000 |
| മലയാള മനോരമ | 47 | 44650 |
| | | 199650 |

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

1. തുക പത്രസ്ഥാപനങ്ങൾ കൈപ്പറ്റിയ വിവരം ഇല്ല.
2. പത്രം വിതരണം ചെയ്ത കാലയളവ് ഫയലിൽ ഇല്ല, ഇതു സംബന്ധിച്ച പത്ര സ്ഥാപനങ്ങളുടെ അറിയിപ്പും ലഭ്യമല്ല.
3. പണം നൽകിയതനുസരിച്ച് പത്രങ്ങൾ കൃത്യമായി ലഭിച്ചു എന്നതിന് സ്കൂൾ മേധാവികളുടെ സാക്ഷ്യപത്രം ഇല്ല.
4. 20.02.2020 ൽ പണം പിൻവലിച്ച ഉടനെത്തന്നെ കോവിഡ് മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടതിനാൽ സ്കൂളുകൾക്ക് 2020-21 അദ്ധ്യയന വർഷത്തിലും പത്രം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാണ്.

മേൽ അപാകതകൾ പാരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 2/ 05.07.2022 ) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി താഴെ നൽകുന്നു.

പത്ര സ്ഥാപനങ്ങൾക്ക് പണം നൽകിയതിന്റെ രസീത് ഹാജരാക്കുന്നതാണ്.

പത്രങ്ങൾ ഓരോ അദ്ധ്യയന വർഷത്തിലും പത്ര വിതരണം ആരംഭിച്ച തിയ്യതി മുതൽ തൊട്ടടുത്ത അദ്ധ്യയന വർഷത്തിലെ അതേ തിയ്യതി വരെയാണ് വിതരണം ചെയ്തത്.

3 മൂന്ന് സ്കൂളുകൾ ഒഴികെ മറ്റ് സ്കൂൾ മേധാവികളുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നു

മേൽ മറുപടി വസ്തുതാപരമല്ല. പത്രം ഏത് തിയ്യതി മുതൽ ഏത് തിയ്യതിവരെ വിതരണം ചെയ്തു എന്നതിന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാനാവില്ല. പണം നൽകിയ 2020 ഫെബ്രുവരി മാസത്തിൽത്തന്നെ കോവിഡ് കാരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടതിനാൽ സ്കൂളുകൾക്ക് 2020-21 അദ്ധ്യയന വർഷത്തിലും പത്രം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാണ്. മറുപടിയോടൊപ്പം ലഭ്യമാക്കിയ സ്കൂൾ മേധാവികളുടെ സാക്ഷ്യപത്രത്തിൽ 2019-20 അദ്ധ്യയന വർഷത്തിൽ പത്രം ലഭിച്ചിട്ടുണ്ട് എന്നാണ് സാക്ഷ്യപ്പെടുത്തിയത്. പത്രം വിതരണം ചെയ്യുന്നതിന് പത്ര സ്ഥാപനങ്ങൾക്ക് പണം നൽകുന്നത് 2019-20 അദ്ധ്യയന വർഷത്തിന്റെ അവസാനത്തിലാണ് എന്നതിനാൽ 2019-20 അദ്ധ്യന വർഷത്തിൽ പത്രം ലഭിച്ചു എന്ന സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രം അംഗീകരിക്കാനാവില്ല.

പ്രൊജക്ട് പ്രകാരം പത്രം വിതരണം നടത്തിയ കാലയളവ് ഏതാണ് എന്നത് സംബന്ധിച്ച് പണം നൽകിയ പത്ര സ്ഥാപനങ്ങളിൽ നിന്ന് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതും പ്രസ്തുത കാലയളവിൽ പത്രം ലഭിച്ചു എന്നതിന് സ്ഥാപന മേധാവികളിൽ നിന്ന് സക്ഷ്യപത്രവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

മേൽ രേഖകൾ ഹാജരാക്കുന്നത്വരെ ചെലവ് തുക ₹ 199650 തടസ്സം ചെയ്യുന്നു.

## 1-21 ഓഡിറ്റ് പരാമർശം-അധികം നൽകിയ ₹ 32650 തിരിച്ചടച്ചു

മുനിസിപ്പൽ എഞ്ചിനിയർ 2019-20 ൽ നടപ്പാക്കിയ ഘടക സ്ഥാപനങ്ങളുടെ മെയിന്റനൻസ് ( 253 / 20 ) എന്ന പ്രവൃത്തിയിൽ ഷീറ്റ് പ്രവൃത്തിക്ക് അർഹമായതിലും അധികം നിരക്ക് നൽകിയത് വഴി അധികച്ചെലവായ ₹ 32650 ഓഡിറ്റ് എൻക്വയറി (33/ 21.07.2022 )നൽകിയതിനെത്തുടർന്ന് നഗരസഭയിൽ തിരിച്ചടച്ചു ( രസീത് നം 01/122400103829/22.07.2022 )

## 1-22 സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്ട് നടപ്പാക്കി.

പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായി 2019-20 ൽ നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകൾ ടെണ്ടർ നടപടികൾ കൂടാതെ ARTCO മുഖേനയാണ് നടപ്പാക്കിയത്. സ്കൂളുകളിലേക്കാവശ്യമായ വിവിധ സാധനങ്ങളുടെ വിതരണം, ഇന്റീരിയർ പ്രവൃത്തി എന്നിവ യാണ് പ്രൊജക്റ്റുകളുടെ ഭാഗമായി നടപ്പാക്കിയത്.

പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും പ്രവൃത്തി നടപ്പാക്കുന്നതിനും ARTCO ക്ക് അനുമതി നൽകിയ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് പ്രൊജക്റ്റുകൾ നടപ്പാക്കിയത് എന്ന് വ്യക്തമായി.

പ്രൊജക്റ്റുകളുടെ നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണ്ടെത്തി.

1) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി.

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ പുറപ്പെടുവിച്ച GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിച്ച നിരക്കിന് വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയത്.
എന്നാൽ മേൽ ഉത്തരവുകളിൽ അംഗീകരിക്കാത്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട്.

2) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല .

ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്കോ. ആയതിനാൽത്തന്നെ ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ ARTCO മുഖേന നടപ്പാക്കാവുന്നതാണ്.

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തവുകൾ ( GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019 ) അനുസരിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. കൂടാതെ പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ARTCO മുഖേന നടപ്പാക്കിയ പ്രൊജക്റ്റുകൾ പ്രകാരമുള്ള പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ARTCO തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ARTCO നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

ആർട്ട്കോ നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി നിശ്ചിത ഗുണനിലവാരപ്രകാരം നടത്തിയോ എന്നതും പ്രവൃത്തിയുടെ അളവും നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

3) ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഇല്ല .

ARTCO ഉത്പാദിപ്പിക്കുന്നതല്ലാത്ത പ്രൊജക്ടർ, ലാപ്ടോപ്പ് തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ വിതരണം നടത്തിയതിന് ഈ പ്രൊജക്റ്റുകൾ പ്രകാരം പണം നൽകിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ല്, ഗ്യാരണ്ടി/ വാറണ്ടി രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമായില്ല. കൂടാതെ ഇവ സ്ഥാപിച്ചതിന്റെരേഖകളും പരിശോധനക്ക് ഹാജറാക്കിയിട്ടില്ല.
ARTCO മുഖേന നടപ്പാക്കിയ വിവിധ പ്രൊജക്റ്റുകളുടെ വിശദ വിവരം താഴെ നൽകുന്നു.

### 1-22-1 സ്കൂളുകളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കൽ (136/20)

ചെലവ് – ₹ 1500000 (21900627/ 15.02.2020 )
ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് GMUPS കക്കാട്, GWUPS തൃക്കളം എന്നിവിടങ്ങളിലേക്ക് സ്റ്റീൽ ചെയർ, റബ്വുഡ് ഡെസ്ക് എന്നിവ വിതരണം ചെയ്യുന്നതിനാണ് തയ്യാറാക്കിയത്.
പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത റബ്വുഡ് ഡെസ്ക് ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന്

സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.
സർക്കാർ ഉത്തരവ് പ്രകാരം ARTCO ക്ക് ടെണ്ടർ കൂടാതെ വിതരണം ചെയ്യാൻ അനുമതിയില്ലാത്ത റബ്‌വുഡ് ഡെസ്ക് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയത് അംഗീകരിക്കാനാവില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങിയ സാധനത്തിന്റെ വിവരം താഴെ നൽകുന്നു.

| ഇനം | എണ്ണം | ചെലവ് |
|---|---|---|
| Rubwood Desk Including Book Provision 120x40 Cmmusing Good Quality Rubwood 18mm&15mm Etc | 71 | 1146525 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/05.07.2022 ) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയ കാര്യങ്ങൾ താഴെ നൽകുന്നു

GO(ms) 1/2016 /SPD Dt 08.12.2016 പ്രകാരം ഓർഡർ തുകയുടെ 50% അധികരിക്കാത്ത തുകക്കുള്ള സാധനങ്ങൾ പുറമെ നിന്നും ഉൾപ്പെടുത്താൻ അനുമതിയുണ്ട്

നിർവഹണോദ്യോഗസ്ഥന്റെ മറുപടി താഴെ പരാമർശിക്കുന്ന കാരണങ്ങളാൽ അംഗീകരിക്കാനാവില്ല.

വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ , അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽത്തന്നെ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പഴയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതിയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തത് എന്ന മറുപടി അംഗീകരിക്കാനാവില്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൽ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത്‌വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് ₹ 1146525 തടസ്സം ചെയ്യുന്നു.

## 1-22-2 സ്കൂളുകളിൽ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ (201/20)

ചെലവ് – ₹ 3622355 (19150647005700095176/06.05.19 ₹ 2060956, 19150647005701022001/05.04.19 ₹ 1561399)
പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് GHSS തിരൂരങ്ങാടിയിൽ ഇന്റീരിയർ പ്രവൃത്തി നടത്തുന്നതിനും സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമാണ് തയ്യാറാക്കിയത്.
പ്രൊജക്ട് പ്രകാരം റബ്‌വുഡ് ഓഫീസ് ക്യൂബിക്ക്ൾ പ്രവൃത്തിയും ഏതാനും സാധനങ്ങളുടെ വിതരണവുമാണ് നടത്തിയത്. ഓഫീസ് ക്യൂബിക്ക്ൾ പ്രവൃത്തി ഇന്റീരിയർ പ്രവൃത്തി ആണ്.
പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ ഇനത്തിൽ ഉൾപ്പെടുന്നില്ല. കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക്സ് സാധനങ്ങളുടെ ഗ്യാരണ്ടി / വാറണ്ടി രേഖകളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇന്റീരിയർപ്രവൃത്തി നടപ്പാക്കിയതിന് മരാമത്ത് പ്രവൃത്തി നടത്തിപ്പ് നടപടികൾ പാലിക്കാതെയും പ്രവൃത്തി അളവ് രേഖപ്പെടുത്താതെയുമാണ് പണം നൽകിയത്. പ്രൊജക്ട് ഫയലിൽ ARTCO നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.
സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന്റെയും പ്രവൃത്തിയുടെയും വിവരം താഴെ നൽകുന്നു.

| ഇനം | എണ്ണം/അളവ് | ചെലവ് |
|---|---|---|
| Rubwood Office Cubicle Table Using Good Quality Rubwood 18mm | 74.5 $M^2$ | 2229573.42 |
| Projector, Laptop, Wallmount Kit, VGA Cable, Power Cable, Infrared IR Board, UPS,Table With Laminated MDF 53x68x75, | 9 Each | 1233991.87 |
| PVC Chair With Arm (Heavvy Type) | 105 | 136290 |
| Installation Charge | 9 | 22500.06 |
| | | 3622355 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/05.07.2022 ) ലഭ്യമാക്കിയ മറുപടിയിൽ ലഭ്യമാക്കിയ വിശദീകരണങ്ങൾ കാര്യങ്ങൾ താഴെ നൽകുന്നു

1. GO(ms) 1/2016 /SPD Dt 08.12.2016 പ്രകാരം ഓർഡർ തുകയുടെ 50% അധികരിക്കാത്ത തുകക്കുള്ള സാധനങ്ങൾ

പുറമെ നിന്നും ഉൾപ്പെടുത്താൻ അനുമതിയുണ്ട്.

2. വാങ്ങിയ സാധനങ്ങളുടെ അളവ് അനുസരിച്ചും നിരക്ക് ബോധ്യപ്പെട്ടുമാണ് തുക നൽകിയത്.
3. പ്രവൃത്തി നടത്തിയതിന്റെ അളവ് നിർവഹണോദ്യാസ്ഥന് ബോധ്യപ്പെട്ട ശേഷമാണ് പണം നൽകിയ്.
4. ഗ്യാരണ്ടി / വാറണ്ടി എന്നിവ ARTCO നേരിട്ട് നൽകുന്നതിനാലാണ് ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഗ്യാരണ്ടി / വാറണ്ടി രേഖകൾ വാങ്ങാതിരുന്നത്.

നിർവഹണോദ്യോഗസ്ഥന്റെ മറുപടി താഴെ പരാമർശിക്കുന്ന കാരണങ്ങളാൽ അംഗീകരിക്കാനാവില്ല.

വിവിധ സാഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ, അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽത്തന്നെ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പഴയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതിയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തത് എന്ന മറുപടി അംഗീകരിക്കാനാവില്ല.

അക്രഡിറ്റഡ് എജൻസികൾ മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ പൊതു മരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കണം എന്ന് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചതാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ അടിസ്ഥാന രേഖകളായ എസ്റ്റിമേറ്റ്, പ്ലാൻ, അളവ് രേഖപ്പെടുത്തൽ എന്നിവയില്ലാതെ പ്രവൃത്തി ഏറ്റെടുത്ത ഏജൻസിയുടെ ബില്ലിന്റെ മാത്രം അടിസ്ഥാനത്തിൽ പണം നൽകിയതിന് ലഭ്യമാക്കിയ വിശദീകരണം അംഗീകരിക്കാനാവില്ല.

പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത് സാധനങ്ങൾക്കൊന്നും തന്നെ ARTCO വാറണ്ടിയോ ഗ്യാരണ്ടിയോ നഗരസഭക്ക് നൽകിയിട്ടില്ല. കരാറിൽ അത്തരത്തിൽ ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ മറ്റ് സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ലാപ്ടോപ്പ്, പ്രൊജക്ടർ പോലുള്ള സാധനങ്ങൾക്ക് ARTCO ഗ്യാരണ്ടി നൽകുന്നുണ്ട് എന്നീ മറുപടി വസ്തുതാപരവും അല്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൽ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത്‌വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് തുക 36,22,355/- രൂപ തടസ്സം ചെയ്യുന്നു.

## 1-22-3 ജി എൽ പി എസ് തിരൂരങ്ങാടി , ജി എം യു പി എസ് വെന്നിയൂർ എന്നിവയുടെ ഭൗതിക സൌകര്യം മെച്ചപ്പെടുത്തൽ ( 287/20)

ചെലവ് – 2000000 (21900628/15.02.2020)

പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് GMUPS വെന്നിയൂർ, GLPS തിരൂരങ്ങാടി എന്നിവിടങ്ങളിലേക്ക് വിവിധ സാധനങ്ങൾ വിതരണം ചെയ്യുന്നതിനാണ് തയ്യാറാക്കിയത്.

പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത റബ്വുഡ് ഡെസ്ക് ഉൾപ്പെടെയുള്ള ഏതാനും സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.

സർക്കാർ ഉത്തരവ് പ്രകാരം ARTCO ക്ക് ടെണ്ടർ കൂടാതെ വിതരണം ചെയ്യാൻ അനുമതിയില്ലാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയത് അംഗീകരിക്കാനാവില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങിയ സാധനത്തിന്റെ വിവരം താഴെ നൽകുന്നു.

| ഇനം | എണ്ണം | ചെലവ് |
|---|---|---|
| Rubwood Desk Including Book Provision 120x40 Cmmusing Good Quality Rubwood 18mm&15mm Etc | 38.8 | 775115.57 |
| Projector, Wallmount Kit, HDMI Cable, Power Cable, Fingertouch IR Board, UPS, | 4 Each | 411871.47 |
| | | 1186987.04 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/05.07.2022 ) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയ കാര്യങ്ങൾ താഴെ നൽകുന്നു

GO(ms) 1/2016 /SPD Dt 08.12.2016 പ്രകാരം ഓർഡർ തുകയുടെ 50% അധികരിക്കാത്ത തുകക്കുള്ള സാധനങ്ങൾ പുറമെ നിന്നും ഉൾപ്പെടുത്താൻ അനുമതിയുണ്ട്.

നിർവഹണോദ്യോഗസ്ഥന്റെ മറുപടി താഴെ പരാമർശിക്കുന്ന കാരണങ്ങളാൽ അംഗീകരിക്കാനാവില്ല.

വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട്

വാങ്ങാവുന്ന സാധനങ്ങൾ, അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽത്തന്നെ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പഴയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതിയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തത് എന്ന മറുപടി അംഗീകരിക്കാനാവില്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൽ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് ₹ 1186987 തടസ്സം ചെയ്യുന്നു.

## 1-22-4 ജി.എച്ച്.എസ്.എസ്. തിരൂരങ്ങാടി ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ (309/20)

ചെലവ് – 3000000 (21900775/28.03.2020)

പ്രിൻസിപ്പാൾ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട് GHSS തിരൂരങ്ങാടിയിൽ ഇന്റീരിയർ പ്രവൃത്തി നടത്തുന്നതിനും സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമാണ് തയ്യാറാക്കിയത്.

പ്രൊജക്ട് പ്രകാരം സാധനങ്ങളുടെ വിതരണവും ഇന്റീരിയർ പ്രവൃത്തിയുമാണ് നടത്തിയത്.

പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച (GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകൾ പ്രകാരം ) സാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. കൂടാതെ ഇന്റീരിയർ പ്രവൃത്തി നടപ്പാക്കിയതിന് മരാമത്ത് പ്രവൃത്തി നടത്തിപ്പ് നടപടികൾ പാലിക്കാതെയും പ്രവൃത്തി അളവ് രേഖപ്പെടുത്താതെയുമാണ് പണം നൽകിയത്. പ്രൊജക്ട് ഫയലിൽ ARTCO നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന്റെയും പ്രവൃത്തിയുടെയും വിവരം താഴെ നൽകുന്നു.

| ഇനം | എണ്ണം | ചെലവ് |
|---|---|---|
| Office Wall Rack Rubwood Office Cubicle Table Using Good Quality Rubwood 18mm | 164 | 2424471.19 |
| Ceiling With PVC Panel | 46.25 | 58122.38 |
| Partiton Work | 29.5 | 193230.31 |
| Revolving Chair Medium & Heavy | 1 Each | 16756 |
| Table 48x60x75 | 1 | 4130 |
| Speeching Stand | 1 | 11210 |
| PVC Chair White | 90 | 58410 |
| Rubwood Chair | 16 | 109504 |
| | | 2875833.88 |

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/05.07.2022 ) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയ കാര്യങ്ങൾ താഴെ നൽകുന്നു.

1.GO(ms) 1/2016 /SPD Dt 08.12.2016 പ്രകാരം ഓർഡർ തുകയുടെ 50% അധികരിക്കാത്ത തുകക്കുള്ള സാധനങ്ങൾ പുറമെ നിന്നും ഉൾപ്പെടുത്താൻ അനുമതിയുണ്ട്.

2.വാങ്ങിയ സാധനങ്ങളുടെ അളവ് അനുസരിച്ചും നിരക്ക് ബോധ്യപ്പെട്ടുമാണ് തുക നൽകിയത്.

3.പ്രവൃത്തി നടത്തിയതിന്റെ അളവ് നിർവഹണോദ്യാസ്ഥന് ബോധ്യപ്പെട്ട ശേഷമാണ് പണം നൽകിയത്.

നിർവഹണോദ്യോഗസ്ഥന്റെ മറുപടി താഴെ പരാമർശിക്കുന്ന കാരണങ്ങളാൽ അംഗീകരിക്കാനാവില്ല.

വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ, അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽത്തന്നെ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പഴയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അനുമതിയില്ലാത്ത സാധനങ്ങൾ വിതരണം ചെയ്തത് എന്ന മറുപടി അംഗീകരിക്കാനാവില്ല.

അക്രഡിറ്റഡ് എജൻസികൾ മരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ പൊതു മരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പാലിക്കണം എന്ന് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചതാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ അടിസ്ഥാന രേഖകളായ എസ്റ്റിമേറ്റ്, പ്ലാൻ, അളവ് രേഖപ്പെടുത്തൽ എന്നിവയില്ലാതെ പ്രവൃത്തി

ഏറ്റെടുത്ത ഏജൻസിയുടെ ബില്ലിന്റെ മാത്രം അടിസ്ഥാനത്തിൽ പണം നൽകിയതിന് ലഭ്യമാക്കിയ വിശദീകരണം അംഗീകരിക്കാനാവില്ല.

പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത സാധനങ്ങൾക്കൊന്നും തന്നെ ARTCO വാറണ്ടിയോ ഗ്യാരണ്ടിയോ നഗരസഭക്ക് നൽകിയിട്ടില്ല. കരാറിൽ അത്തരത്തിൽ ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൽ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് ₹ 28,75,834 തടസ്സം ചെയ്യുന്നു.

## 1-23 സർക്കാർ സ്കൂളിൽ ലൈബ്രറികൾ സ്ഥാപിക്കൽ - സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനം വിതരണം ചെയ്തില്ല.

2019-20 ൽ നടപ്പാക്കിയ സർക്കാർ സ്കൂളിൽ ലൈബ്രറികൾ സ്ഥാപിക്കൽ എന്ന പ്രൊജക്ട് പ്രകാരം (140/20, ) സർക്കാർ സ്കൂളുകളിലേക്ക് 120x90x40 Cm അളവുള്ള 43 ഹാർഡ് വുഡ് അലമാരകൾ ( നാല് അറകൾ, ലാമിനേറ്റഡ് പ്ലൈവുഡ് ഷട്ടർ ) വിതരണം ചെയ്തതിന് ആകെ തുക ₹ 700000 ൽ ₹ 133000 (വൗച്ചർ നം 21900503/ 10.12.2019) നൽകിയിട്ടുണ്ട്.

ഓഡിറ്റിന്റെ ഭാഗമായി GMUPS കക്കാട്, GMUPS വെന്നിയൂർ എന്നിവിടങ്ങളിൽ നേരിൽ പരിശോധന നടത്തിയതിൽ പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത അലമാരകൾ ഹാർഡ് വുഡ് കൊണ്ട് നിർമ്മിച്ചതല്ല എന്ന് വ്യക്തമായി. കൂടാതെ ഷട്ടറും സ്പെസിഫിക്കേഷൻ പ്രകാരമല്ല നിർമ്മിച്ചത്. പരിശോധനയിൽ MDF ഷീറ്റ് ഉപയോഗിച്ച് നിർമ്മിച്ച അലമാരകളാണ് കണ്ടെത്തിയത്. ഷട്ടർ ലാമിനേറ്റ് ചെയ്യുകയും ചെയ്തിട്ടില്ല.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 40/21.07.2022) ലഭ്യമാക്കിയ മറുപടിയിൽ MDF ഹാർഡ്‌വുഡ് ഇനത്തിൽ പെടുന്നഇനമാണ് എന്നും ഷട്ടറുകൾ പുട്ടി ഉപയോഗിച്ച് ഫിനിഷ് ചെയ്തിട്ടുണ്ട് എന്നുമാണ് വ്യക്തമാക്കിയത്.

മേൽ മറുപടി വസ്തുതാപരമല്ല. ARTCO സമർപ്പിച്ച ബില്ല് പ്രകാരമുള്ള സ്പെസിഫിക്കേഷൻ പാലിക്കാതെ വിതരണം ചെയ്ത അലമാരക്ക് പണം നൽകിയത് ക്രമപ്രകാരമല്ല. സ്പെസിഫിക്കേഷൻ പ്രകാരമല്ലാതെ വിതരണം ചെയ്ത സാധനത്തിന് പണം നൽകിയതിന് സർക്കാർ സാധൂകരണം നേടേണ്ടതാണ്.

സ്പെസിഫിക്കേഷൻ പ്രകാരമല്ലാതെ വിതരണം ചെയ്ത സാധനത്തിന് നൽകിയ തുക ₹133000 തടസ്സം ചെയ്യുന്നു.

## 1-24 GST രജിസ്ട്രേഷൻ ഇല്ലാത്ത ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്ന് GSTഈടാക്കിയിട്ടില്ല

2019-20 വർഷത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ ഈ പ്രവൃത്തികളിലൊന്നും തന്നെ ഫൈനൽ ബില്ല് നൽകിയപ്പോൾ നിയമ പ്രകാരമുള്ള GST TDS ഈടാക്കിയിട്ടില്ല എന്ന് വ്യക്തമായി. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ ഈ സമിതികൾക്കൊന്നും GST രജിസ്ട്രേഷൻ ഇല്ല എന്നാണ് വ്യക്തമായത്. Central Goods And Services Tax Act, 2017 [Central Act 13 Of 2017], Kerala State Goods And Services Tax Act, 2017 [State Act 20 Of 2017] എന്നിവ പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് ജി.എസ്.ടി അനുവദിച്ച് നൽകാൻ പാടില്ല. ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾക്ക് പിരിച്ചെടുക്കുന്ന ടാക്സ് അടവാക്കാൻ കഴിയില്ല. മേൽ ആക്ടുകളുടെ സെക്ഷൻ 32(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികൾ ടാക്സ് കളക്ട് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട് [Section 32 (1) -Prohibition Of Unauthorised Collection Of Tax]. കൂടാതെ ആക്ടിന്റെ സെക്ഷൻ 9(3), (4) എന്നിവ പ്രകാരം [Section 9- Levy And Collection Of Tax] രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തി രജിസ്ട്രേഷൻ ഇല്ലാത്ത ഒരു വ്യക്തിയിൽ നിന്നും ചരക്കോ സേവനമോ സ്വീകരിക്കുകയാണെങ്കിൽ ആയതുമായി ബന്ധപ്പെട്ട നികുതി [റിവേഴ്സ് ചാർജ് പ്രകാരം -Section 3(98)- Reverse Charge], രജിസ്ട്രേഷൻ ഉള്ള വ്യക്തി (Recipient) സർക്കാരിലേക്ക് നേരിട്ട് അടവാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ GST ഉൾപ്പെടെയുള്ള നികുതികൾ ഒടുക്കവരുത്തുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. (സർക്കുലർ നമ്പർ. 18/2019/ഫിൻ. തീയതി, 01-03-2019) കൂടാതെ കൺവീനർ പ്രവൃത്തിയിൽ അനുവദിക്കുന്ന ഓവർഹെഡ് ചാർജ്ജും നികുതികൾ ഒടുക്കുന്നതിനാണ് എന്ന് സർക്കാർ വ്യക്തമാക്കിയതാണ്. ആയതിനാൽ GST രജിസ്ട്രേഷൻ ഇല്ലാതെ മരാമത്ത് പ്രവൃത്തി നടത്തിയ താഴെ പറയുന്ന പ്രവൃത്തി കൺവീനർമാരിൽ നിന്ന് ഈടാക്കേണ്ട GST ഈടാക്കേണ്ടത് പണം നൽകിയ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമായിരുന്നു. നിയമപ്രകാരം ഈടാക്കേണ്ട GST ഈടാക്കാതെ കരാറുകാരന് പണം നൽകിയ നടപടി അംഗീകരിക്കാനാവില്ല. ആയതിനാൽ താഴെ പരാമർശിക്കുന്ന പ്രവൃത്തികളിൽ സർക്കാരിലേക്കടവാക്കേണ്ട 12% GST ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കി GST വകുപ്പിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

പ്രവൃത്തിയുടെ വിശദ വിവരം താഴെ നൽകുന്നു.

### 1-24-1 വിവിധ ഘടക സ്ഥാപനങ്ങളുടെ മെയിന്റനൻസ്

നിർവഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനിയർ
സാങ്കേതികാനുമതി - 106742/2018-19 Dt 25.12.2018 ₹ 800000 (Cost Index 37.25% ) MG (NR)

കൺവീനർ - ഹെഡ്മാസ്റ്റർ GHSS തിരൂരങ്ങാടി

കരാർ - 305/18-19 Dt. 26.12.2018 ( കരാർ എഴുതി പൂർത്തീകരിച്ചിട്ടില്ല.)

എം ബുക്ക് - 82/ 18-19

മൂല്യ നിർണ്ണയം - 783141

ചെലവ് - 783141 ( IT- 15662, CWWF- 7753, Service Charge – 78, Convenor – 759648 ) ( Bill Ref No - 1915064700560019 3436/ 05.04.2019 )

ഈടാക്കേണ്ട GST - 93977 ( 783141 X 12% )
ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കേണ്ട നികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

### 1-24-2 കക്കാട് ചെറുമുക്ക് റോഡ് ഐറിഷ് ഡ്രൈനേജ്.

നിർവഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ സെക്രട്ടറി
സാങ്കേതികാനുമതി - 99691/2018-19 Dt 19.11.2018 ₹ 450000 (Cost Index 37.25% ) MP LAD Fund

കൺവീനർ -ശ്രീ TK ഇബ്രാഹിംകുട്ടി

കരാർ - 05/18-19 Dt. 27.11.2018

എം ബുക്ക് - 140/ 16-17

മൂല്യ നിർണ്ണയം - 445558 രൂപ

ചെലവ് - 445558 ( Che No 768703/8.8.2019)

( IT- 4456, CWWF- 4411, Service Charge – 45, Convenor – 436646 )

ഈടാക്കേണ്ട GST - 53467 ( 445558 X 12% )

ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കേണ്ട നികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

### 1-24-3 കൺസ്ട്രക്ഷൻ ഓഫ് NSS പൂക്കാട് പാത്ത്‌വേ വാർഡ് 22

നിർവഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ സെക്രട്ടറി

സാങ്കേതികാനുമതി - 95842/2018-19 Dt 22.10.2018 ₹ 200000 (Cost Index 37.25% ) MP LAD Fund

കൺവീനർ -ശ്രീ TK ഇബ്രാഹിംകുട്ടി

കരാർ - 06/18-19 Dt. 10.12.2018

എം ബുക്ക് - 46/ 18-19

മൂല്യ നിർണ്ണയം - 200000

ചെലവ് - 200000 ( Che No 768704/8.8.2019)

( IT- 2000, CWWF- 1980, Service Charge – 20, Convenor – 196000 )

ഈടാക്കേണ്ട GST - 24000 ( 200000 X 12% )

ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കേണ്ട നികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

### 1-24-4 പത്തായക്കുണ്ട് പാത്ത്‌വേ നിർമ്മാണം.

നിർവഹണോദ്യോഗസ്ഥൻ – മുനിസിപ്പൽ സെക്രട്ടറി

സാങ്കേതികാനുമതി - 85396/2017-18 Dt 06.11.2017 ₹ 450000 (Cost Index 37.25% ) MP LAD Fund

കൺവീനർ -ശ്രീ അബ്ദുറഹീം

കരാർ - 11/18-19 Dt. 01.12.2017 ( പൂരിപ്പിച്ചിട്ടില്ല)

എം ബുക്ക് - 7/ 17-18

മൂല്യ നിർണ്ണയം - 428021

ചെലവ് - 428021 ( Che No 768702/8.8.2019)

( IT- 4280, CWWF- 4237, Service Charge – 43, Convenor – 419461 )

ഈടാക്കേണ്ട GST - 51363 ( 428021 X 12% )

ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കേണ്ട നികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-25 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിശ്ചിത നിരക്കിൽ പിഴ ഈടാക്കേണ്ടതാണെന്ന് കേരള PWD മാന്വലിലും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലറിലും വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയതിൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും സർക്കാർ നിർദ്ദേശ പ്രകാരമുള്ള പിഴ ഈടാക്കാതെ കരാറുകാർക്ക് പണം നൽകിയതായി വ്യക്തമായി.

നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കുന്നതാണെന്ന് എന്നാണ് പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തത്.

കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നുവെങ്കിൽ ഇക്കാര്യം വ്യക്തമാക്കി കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ സ്ഥാപനം സമയം ദീർഘിപ്പിച്ച് നൽകുകയുമാണ് ചെയ്യേണ്ടത്.

പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത, പൂർത്തീകരണം വൈകിയ താഴെ പരാമർശിച്ച പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/18-7-22) മറുപടി ലഭ്യമാക്കിയില്ല.

## 1-25-1 സെന്റർ നം 71 വെഞ്ചാലി അംഗണവാടി കെട്ടിട നിർമ്മാണം ( 236/20 )

TS – 74203/2018-19 Dt 18.07.2018 ₹ 750000 (Cl – 37.25%)

പൂർത്തീകരണ കാലയളവ്- 8 മാസം ( TS )

കരാറുകാരൻ- ശ്രീ AMK അബ്ദുറഹ്മാൻകുട്ടി

കരാർ - 311/ 18-19 Dt.31.01.2019

PAC – 739451.29

സൈറ്റ് കൈമാറിയത്- 31.01.2019

M Book – 14/17-18

പൂർത്തീകരിച്ചത്- 26.12.2019

ചെലവ് - ₹732673 ( 21900595/ 30.01.2020 )

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 30.09.2019 | 26.12.2019 | വൈകിയത് - 87 ദിവസം.<br>ഈടാക്കേണ്ട പിഴ - 6993<br>(01.10.2019 To 26.12.2019 -87/92@ 1% Of PAC ) |

പിഴ ഇനത്തിൽ ഈടാക്കാനുള്ള തുക₹ 6993 ഉത്തരവാദിയായ കരാറുകാരിൽ നിന്നോ അതിനു സാധിക്കാത്ത പക്ഷം

പിഴ ഈടാക്കാതെ പണം നൽകിയ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്

## 1-25-2 സൗത്ത് സി.കെ നഗർ റോഡ് പുനരുദ്ധാരണം. ( 213/20 )

Est No- 2017/10343

TS – 36690/2017-18 Dt 28.07.2017 ₹ 70000 (Cl – 40.2%)

പൂർത്തീകരണകാലയളവ്- 3 മാസം ( TS )

കരാറുകാരൻ- ശ്രീ ഇ.കെ രാധാകൃഷ്ണൻ

കരാർ - 203/ 17-18 Dt.31.03.2018

PAC – 67912.79

സൈറ്റ് കൈമാറിയത്- 31.03.2018

M Book – 91/18-19

പൂർത്തീകരിച്ചത്- 15.02.2019

ചെലവ് - ₹70000 ( 21900890/ 01.06.2019 )

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 30.06.2018 | 15.02.2019 | വൈകിയത് -6 മാസം 46 ദിവസം.<br>ഈടാക്കേണ്ട പിഴ - 2731<br>[01.07.2018 To 30.09.2018 -@ 1% Of PAC – 679<br>01.10.2018 To 31.12.2018 -@2% Of PAC – 1358<br>01.01.2019 To 15.02.2019- 46/90x2%PAC- 694 |

പിഴ ഇനത്തിൽ ഈടാക്കാനുള്ള തുക₹ 2731 ഉത്തരവാദിയായ കരാറുകാരിൽ നിന്നോ അതിനു സാധിക്കാത്ത പക്ഷം പിഴ ഈടാക്കാതെ പണം നൽകിയ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-25-3 ചുണങ്ങ് റോഡ് കോൺക്രീറ്റിംഗ്. ( 231/20 )

Est No- 2017/11117

TS – 55546/2017-18 Dt 28.07.2017 ₹ 75000 (Cl – 40.2%)

പൂർത്തീകരണ കാലയളവ്- 3 മാസം ( TS )

കരാറുകാരൻ- ശ്രീ ഹൈദ്രോസ് കെ

കരാർ - 167/ 17-18 Dt.02.11.2017 (0.16% Below ER)

PAC – 74880

സൈറ്റ് കൈമാറിയത്- 02.11.2017

M Book – 91/18-19

പൂർത്തീകരിച്ചത്- 22.03.2019

ചെലവ് - ₹74880 (19150647005600290162/29.06.2019 ₹ 57285, 18150647005601538220/27.03.2019 ₹17595)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 01.02.2018 | 22.03.2019 | വൈകിയത് -12 മാസം 49 ദിവസം.<br>ഈടാക്കേണ്ട പിഴ - 6059<br>[02.02.2018 To 01.05.2018 -@ 1% Of PAC – 749<br>02.05.2018 To 01.08.2018 -@2% Of PAC - 1498<br>02.08.2018 To 01.11.2018- @2%PAC- 1498<br>02.11.2018 To 01.02.2019- @2%PAC- 1498<br>02.02.2019 To 22.03.2019- 49/90x2%PAC- 816 |

പിഴ ഇനത്തിൽ ഈടാക്കാനുള്ള തുക ₹6059 ഉത്തരവാദിയായ കരാറുകാരിൽ നിന്നോ അതിനു സാധിക്കാത്ത പക്ഷം പിഴ ഈടാക്കാതെ പണം നൽകിയ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-26 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികളുടെ നടത്തിപ്പ്

2019-20 വർഷത്തിൽ നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 181 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 67 പ്രൊജക്ടുകളിലായി ആകെ 22732944 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 181 | ആകെ അടങ്കൽ | 65226268 |
| നടപ്പിലാക്കിയത് | 67 | ചെലവ് | 22732944 |
| ശതമാനം | 37 | ചെലവ് ശതമാനം | 35 |

മേൽ നൽകിയ വിവരങ്ങൾ നഗരസഭയുടെ സുലേഖ പ്ലാൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതാണ്.

II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാ നും തയ്യാറാക്കിയിട്ടില്ല .

നഗരസഭകളിൽ പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

നഗരസഭയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

V) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

നഗരസഭയുടെ ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിർ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇവ പൂർണ്ണമായി സൂക്ഷിക്കുന്നില്ല.

1)കാഷ് ബുക്ക്

2019-20 കാലയളവിൽ കാഷ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. 2019-20 വർഷത്തെ മുനിസിപ്പൽ എഞ്ചിനിയറുടെ ഒരു ഓഫീസിന്റെ വരവു ചെലവുകൾ പൂർണ്ണമായികാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഒരു ഓഫീസിന്റെ പണമിടപാടുകളുടെ അടിസ്ഥാന രേഖയായ കാഷ്ബുക്ക് എഴുതി സൂക്ഷിക്കാത്തത് ഗൗരവതരമായ അപാകതയാണ്. കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2)ടെണ്ടർ രജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

3) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

നഗരസഭകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും ) ചട്ടങ്ങൾ 1997 അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

നഗരസഭയിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.
മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ തുറക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ പാലിക്കേണ്ടതാണ്.

## 1-28 ഇ. ടെണ്ടർ - ടെണ്ടർ ഫീ നഗരസഭയിൽ അടച്ചില്ല

എഞ്ചിനിയറിംഗ് വിഭാഗം നടപ്പാക്കുന്ന വിവിധ ഇ ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ അടവാക്കിയത് സംബന്ധിച്ച വിവരം ഓഡിറ്റ് എൻക്വയറി(5/6-7-22) മുഖേന ആവശ്യപ്പെട്ടെങ്കിലും ടെണ്ടർ ഫീ ഏത് അക്കൗണ്ടിലാണ് വരവ് വരുന്നത് എന്നത് സംബന്ധിച്ചും ലഭിച്ച ഉക മുനിസിപ്പാലിറ്റിയിൽ ഒടുക്ക് വരുത്തിയത് സംബന്ധിച്ചും വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച ഉക നാളിതുവരെ നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടില്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്. നാളിതുവരെ ലഭിക്കാനുള്ള ടെണ്ടർ ഫീസ് നഗരസഭാ അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതും ടെണ്ടർ ഫീസ് മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ വരവ് വരുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

## 1-29 പ്രളയബാധിത കുടുംബങ്ങൾക്ക് ടോയ്ലറ്റ് നിർമാണത്തിന് ധനസഹായം : സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ടിന്റെ പേര് : പ്രളയബാധിത കുടുംബങ്ങൾക്ക് ടോയ്ലറ്റ് പുനർ നിർമാണത്തിന് ധനസഹായം ( 312/19-20)

അടങ്കൽ : 154000/- തനതുഫണ്ട്

ചെലവ് : 13334/-( ചെക്ക് നം .2190073/28.3.11)

69864/ (ചെക്ക് നം .2190072/28.3.11)

53336/- (ചെക്ക് നം .2190074/28.3.11)

17466/- (ചെക്ക് നം .2190071/28.3.11)

ആകെ ചെലവ് : 154000/-

പ്രളയബാധിത കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമാണത്തിന് ധനസഹായം നൽകുന്ന മേൽ പ്രൊജക്ട് പ്രകാരം, ടോയ്‌ലറ്റ് പുനർ നിർമാണത്തിനായി 10 ഗുണഭോക്താക്കൾക്ക് 15,400/- വീതം ആകെ 1,54,000രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 7.11.18 തീയതിയിലെ 2851/18നം ഉത്തരവ്, 30.9.19തീയതിയിലെ ഡി.സി.1/343/19 എന്നീ ഉത്തരവുകൾ പ്രകാരം ശൗചാലയങ്ങളുടെ പുനർനിർമാണത്തിന് നഗരസഭയിലെ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനാണ് നിർദേശിച്ചിട്ടുള്ളത്. എന്നാൽ നഗരസഭാ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

അപാകത സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/11.7.22 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതുവരെ ചെലവിനാധാരമായ 154000 /-ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-30 സർക്കാർ അനുമതിക്ക് വിരുദ്ധമായി ARTCO മുഖേന പ്രൊജക്ട് നടപ്പാക്കി.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2019-20 ൽ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേനയാണ് നടപ്പാക്കിയത്. നഗരസഭാ ഓഫീസിന്റെ ഭൗതിക വർദ്ധിപ്പിക്കുന്നതിനായി റാക്ക് നിർമാണം ഇന്റീരിയർ പ്രവൃത്തി പാർട്ടീഷ്യൻ വർക്ക് എന്നിവയാണ് പ്രൊജക്ടുകളുടെ ഭാഗമായി നടപ്പാക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പ്രൊ.നം | പ്രൊജക്ട് | ചെലവ് | ചെക്ക് നമ്പർ/തീയ്യതി | കുറിപ്പ് |
|---|---|---|---|---|---|
| 1 | 307 | നഗരസഭാ ഓഫീസിന്റെ ഭൗതിക സൗകര്യം ഒരുക്കൽ | 15ലക്ഷം (തനതുഫണ്ട്) | Vr No:21900718/13.3.20 ഇൻ വോയ്സ് നം.495/4.3.20 | റാക്ക് നിർമാണം ഇൻറീരിയർ വർക്ക് |
| 2 | 286 | നഗരസഭാ ഓഫീസിന്റെ ഭൌതിക സൌകര്യം വർദ്ധിപ്പിക്കൽ | 1070000/ (തനതുഫണ്ട്) | Vr.no21900449/19.11.19 ഇൻ വോയ്സ് നം 129/7.11.19 - | പാർട്ടീഷ്യൻ വർക്ക് ഫർണിഷിംഗ് വർക്ക് എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. |

ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്കോ. ആയതിനാൽത്തന്നെ ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ ARTCO മുഖേന നടപ്പാക്കാവുന്നതാണ്. അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തവുകൾ ( GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019 ) അനുസരിച്ച് സർക്കാർ അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. കൂടാതെ പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാനുലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രൊജക്ടുകൾ പ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ARTCO തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ARTCO നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തി നടത്തിയതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ടുകൾ നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 37/ 23.7.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവിനാസ്പദമായ 25,70,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-31 LED തെരുവുവിളക്കുകൾ സ്ഥാപിക്കൽ -സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ടിന്റെ പേര് : നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ LED തെരുവുവിളക്കുകൾ സ്ഥാപിക്കൽ ( 295/19-20)

അടങ്കൽ : 3000000/- തനതുഫണ്ട്

ചെലവ് : 2700870/-( വൗച്ചർ നം .21900715/17.3.20)

നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ LED തെരുവുവിളക്കുകൾ സ്ഥാപിക്കൽ എന്ന മേൽ പ്രൊജക്ടിനു വേണ്ടി 2700870/-രൂപ ചെലവഴിച്ച് ആർട്കോ യിൽ നിന്നും 518/9.3.20 ഇൻവോയ്സ് നം. പ്രകാരം 845 എണ്ണം LED തെരുവുവിളക്കുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

ടെണ്ടർ നടപടികൾ കൂടാതെ ആർട്കോയിൽ നിന്നും LED തെരുവുവിളക്കുകൾ വാങ്ങുന്നതിനു ആധാരമാക്കിയ സർക്കാർ ഉത്തരവ് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള നം. 1/4.7.22 മറുപടിയിൽ, സ്റ്റോർ പർചേയ്സ് ഡിപ്പാർട്ട്മെന്റിന്റെ 13-5-19 തീയതിയിലെ ജി.ഒ(ആർ.റ്റി) നമ്പർ.19/19 ഉത്തരവ് ലഭ്യമാക്കി. എന്നാൽ പ്രസ്തുത ഉത്തരവു പ്രകാരം, ആർട്കോ വിതരണം ചെയ്ത ഉൽപന്നങ്ങൾ ആർട്കോ തന്നെ നിർമിച്ചതാണ് എന്നും പുറമേ നിന്നും നിർമിച്ചവയല്ല എന്നും രേഖപ്പെടുത്തിയ സാക്ഷ്യപത്രം ആർട്കോയിൽ നിന്നും ലഭ്യമാക്കുന്നതിനും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആർട്കോയിൽ നിന്നുള്ള പ്രസ്തുത സാക്ഷ്യപത്രം പ്രൊജക്ട് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. സാക്ഷ്യ പത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 2700870 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 തെരുവുവിളക്കുകൾ മെയിൻറനൻസ് : അപാകതകൾ

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ടിന്റെ പേര് : തെരുവുവിളക്കുകൾ മെയിൻറനൻസ് ( 224/19-20) സ്പിൽ ഓവർ

അടങ്കൽ : 665400/- തനതുഫണ്ട്

ചെലവ് : 173400/- ( ചെക്ക് നം .1740754/28.1.19

173400 ( ചെക്ക് നം .04109719/5.11.19

നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചതും ഗ്യാരണ്ടി കാലാവധി അവസാനിച്ചതുമായ 505 LED തെരുവുവിളക്കുകൾ എ.എം.സി വ്യവസ്ഥയിൽ മെയിൻറനൻസ് ചെയ്യുന്നതിന് ആർട്കോയ്ക്ക് തുക നൽകിയതാണ് പ്രൊജക്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)ലഭ്യമാക്കിയ തെരുവുവിളക്ക മെയിന്റനൻസ് രജിസ്റ്റർ 17.11.2020 മുതൽക്കുള്ളതാണ്. 2018-19 മുതലുള്ള രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2)ആർട്കോയുമായി വച്ച കരാറുടമ്പടിയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

3) ആർട്കോയ്ക്ക് തുക നൽകിയപ്പോൾ ഐ.ടി. വിഹിതം (2%) ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/5.7.22 യിലെ അപാകത നം (1)ന് , മുൻ വർഷങ്ങളിലെ തെരുവുവിളക്ക മെയിന്റനൻസ് രജിസ്റ്റർ സെക്ഷനിൽ ലഭ്യമല്ല എന്നും അപാകത നം (2) ന് ആർട്കോയുമായി വച്ച കരാറുടമ്പടിയിൽ തീയതി രേഖപ്പെടുത്താൻ വിട്ടുപോയതാണ് എന്നും അപാകത നം(3)ന് ഐ.ടി. വിഹിതം (2%) അടവാക്കുന്നതിന് ആർട്കോയ്ക്ക് കത്ത് അയച്ചിട്ടുണ്ടെന്നും മറുപടി നൽകി.

തെരുവുവിളക്ക മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കാത്തത് നഗരസഭയുടെ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. തെരുവുവിളക്ക് പരിപാലന പൊതുമാർഗ്ഗരേഖ അനുസരിച്ച് സൂക്ഷിക്കേണ്ട തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ 7.11.2020 മുതൽക്കാണ് നഗരസഭയിൽ സൂക്ഷിച്ച വരുന്നത് . എന്നാൽ പ്രസ്തുത രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

തെരുവുവിളക്കുകളുടെ കംപ്ലയിന്റ് റിപ്പോർട്ട് ചെയ്യുന്ന തീയ്യതി, പ്രവർത്തനരഹിതമായ വിളക്ക്/പ്രദേശം, വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് രജിസ്റ്റർ ശരിയായ വിധത്തിൽ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഐ.ടി. വിഹിതം (2%) ഈടാക്കിയതു സംബന്ധിച്ച് തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-33 പദ്ധതി മോണിറ്ററിംഗ് :ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്ടിന്റെ പേര് : പദ്ധതി മോണിറ്ററിംഗ് 9/19-20)

അടങ്കൽ : 200000/- (തനതുഫണ്ട് )

ആകെ ചെലവ് : 119809/-

പദ്ധതിയുമായി ബന്ധപ്പെട്ട് ചെക്ക്.നം1351760/12.12.19 പ്രകാരം ചന്ദ്രിക ദിനപത്രത്തിന് 71474 രൂപ നൽകിയിട്ടുണ്ട്. 71474 രൂപയുടെ വിശദമായ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി നം. 15/11.7.22ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയിലെ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ടെണ്ടർ പരസ്യങ്ങൾ നൽകിയതിനാണ് 71474 രൂപ ചന്ദ്രിക ദിനപത്രത്തിന് നൽകിയത് എന്ന് അറിയിച്ചു. എന്നാൽ വിശദമായ വിശദമായ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവു രേഖകൾ ഹാജരാക്കുന്നതുവരെ 71474 രൂപ തടസ്സം ചെയ്യുന്നു.

## 1-34 സർക്കാർ ഉത്തരവ് പാലിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങൽ നടത്തി

നിർവ്വഹണം - വെറ്ററിനറി സർജൻ

പ്രോജക്ടിന്റെ പേര്- S0270/20-മൃഗാശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ-68255/-

ചെലവ്-68255/-

ബിൽ നമ്പർ - 01/2019-20, തീയ്യതി- 21.1.2020

ഇൻവോയ്സ് നമ്പർ - KKD/19-20/116, തീയ്യതി- 20.12.2019

2019-20 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് ഫർണിച്ചർ വാങ്ങാനായി സിഡ്കോയ്ക്ക് 7.9.2019 ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടു.

1. ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള സർക്കാർ അനുമതിയുടെ കാലാവധി 27.5.2019ന് അവസാനിച്ചിരുന്നു. പിന്നീട് G. 0. (Rt.) No. 49/ 2019/SPD, Dated 14.11.2019. പ്രകാരം 14.11.2019 മുതലാണ് ഒരു വർഷത്തേക്ക് അനുമതി ദീർഘിപ്പിച്ചു നൽകിയത്. ആയതിനാൽ സപ്ലൈ ഓർഡർ നൽകിയ പ്രസ്തുത കാലയളവിൽ ടെണ്ടർ നടപടികളിലൂടെ മാത്രമേ വാങ്ങൽ നടത്താൻ അനുമതി ഉണ്ടായിരുന്നുള്ളൂ.

2. മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങാവുന്ന ഫർണിച്ചറുകളുടെ പട്ടികയിൽ Rubood L-shape Table ഉൾപ്പെടുന്നില്ല.

ആയതിനാൽ സർക്കാർ ഉത്തരവ് പാലിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ. 18/13.7.2022) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ സ.ഉ.(സാധാ നം.2638/2017 തസ്വഭവ. തീയതി, 29-7-2017, സ.ഉ.(സാധാ)നം. 1696/2018/തസ്വഭവ. തീയതി, 22-6-2018 എന്നീ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് SIDCO യിൽ നിന്നും ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് വാങ്ങൽ നടത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുന്നതിന് നൽകിയ സർക്കാർ അനുമതിയുടെ കാലാവധി സപ്ലൈ ഓർഡർ നൽകിയ തിയ്യതിയ്ക്ക് മുമ്പ് അവസാനിച്ചിരുന്നു. വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ, അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ വാങ്ങലുകൾ നടത്തുമ്പോൾ അതാത് സമയത്ത് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പാലിക്കാനും സർക്കാർ അനുമതിയുള്ള സാധനങ്ങൾ മാത്രം നേരിട്ട് വാങ്ങാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-35 കെട്ടിട നിർമ്മാണാനുമതി -അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

കെട്ടിട നിർമ്മാണാനുമതിക്കായി നഗരസഭയിൽ ലഭിച്ചതും പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതുമായ പെർമിറ്റ് / റെഗുലറൈസേഷൻ അപേക്ഷകൾ പൂർണ്ണമായി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപേക്ഷകളിലെ തുടർ നടപടി വിവരങ്ങൾ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്താത്തതിനാൽ അപേക്ഷകളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയാൻ സാധിക്കുന്നില്ല. അപേക്ഷകൾ സംബന്ധിച്ച വ്യക്തമായ വിവരം രജിസ്റ്ററിൽ നിന്ന് ലഭ്യമാകാത്തതിനാൽ പെർമിറ്റ് അപേക്ഷ രജിസ്റ്ററുകൾ പരിശോധിച്ച് കെട്ടിടനിർമ്മാണ അനുമതിക്കായി നഗരസഭയിൽ ലഭിച്ച ചുവടെപ്പറയുന്ന അപേക്ഷകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി ( എൻക്വയറി നമ്പർ 31/22.07.2021) മുഖേന

ആവശ്യപ്പെട്ടെങ്കിലും പരിശോധനക്ക് ലഭ്യമായില്ല.

| ക്രമ നമ്പർ | തപാൽ നമ്പർ | കുറിപ്പ് (ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പ്രകാരം ) |
|---|---|---|
| 1 | 5067/4.4.2019 | കെട്ടിട നിർമാണ പെർമിറ്റ് |
| 2 | 5268/10.4.2019 | കെട്ടിട നിർമാണ പെർമിറ്റ് |
| 3 | 6048/8.5.2019 | കെട്ടിട നിർമാണ പെർമിറ്റ് |
| 4 | 6069/8.5.2019 | കെട്ടിട നിർമാണ പെർമിറ്റ് |
| 5 | 6320/15.5.2019 | കെട്ടിട നിർമാണ പെർമിറ്റ് |
| 6 | 6506/20.5.2019 | കെട്ടിട നിർമാണ പെർമിറ്റ് |
| 7 | 6602/23.5.2019 | കെട്ടിട നിർമാണ പെർമിറ്റ് |
| 8 | 6876/31.5.2019 | കെട്ടിട നിർമാണ പെർമിറ്റ് |
| 9 | 7112/11.6.2019 | കെട്ടിട നിർമാണ പെർമിറ്റ് |
| 10 | 7135/11.6.2019 | Unauthorized Number |
| 11 | 9595/13.8.2019 | കെട്ടിട നിർമാണ പെർമിറ്റ് |

| | | |
|---|---|---|
| 12 | 10180/ 27.8.2019 | Unauthorized Shed |
| 13 | 12555/19.10.2109 | അനധികൃത കെട്ടിട നിർമാണം പരാതി-Regional Joint Director |
| 14 | 12692/23.10.2019 | CRZ Violations സംബന്ധിച്ച്, നഗരാസൂത്രക-മലപ്പുറം |
| 15 | 15256/4.12.2019 | അനധികൃത കെട്ടിട നിർമാണം-കെ.ടി. സക്കീർ |
| 16 | 16140/19.12.2019 | കെട്ടിട നിർമാണ ക്രമവൽക്കരണം-അസിസ്റ്റന്റ് എഞ്ചിനീയർ, തിരൂരങ്ങാടി |
| 17 | 16652/26.12.2019 | അനധികൃത കെട്ടിട നിർമാണം സംബന്ധിച്ച്-ഡയറക്ടർ |
| 18 | 16857/30.12.2019 | ഡാറ്റാബാങ്ക് ഭൂമിയിൽ കെട്ടിടനിർമാണാനുമതി നൽകിയത് സംബന്ധിച്ച് |
| 19 | 2382/5.2.2020 | കെട്ടിട നിർമാണ പരാതി സംബന്ധിച്ച്-regional Joint Secretary |
| 20 | 9786/17.8.19 | All India Youth Federation തിരൂരങ്ങാടി-പരാതി |

ഫയലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 4-07-2022 മുതൽ 23-07-2022 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY ലൈഫ് അർബൺ ഭവനപദ്ധതി (HUDCO) | ജി.ഒ(എം.എസ്)/68 /2018/എൽ. എസ്.ജി.ഡി തി.18.05.18 | 38800000 | 6360000 | 4040000 | 0 | 41120000 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15766443 |
| തൻവർഷം നിക്ഷേപിച്ച തുക | 492267 |
| ആകെ | 16258710 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16258710 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | | തുക | രശീതി നം& തിയ്യതി |
|---|---|---|---|
| തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് | 18988 | 2766174 | 020574 /23-7-19 |

| | | | |
|---|---|---|---|
| | 18989 | 4881233 | 020575/23-7-19 |
| കേരള ഗ്രാമീൺ ബാങ്ക് | 40275201200003 | 5750993 | 722534/6-2-19 |
| | 40275201700010 | 20757 | 722535/8-2-19 |
| | 40275201200004 | 723928 | 722533/6-2-19 |
| | 40275201900046 | 88306 | 722687/3-6-19 |
| കനറാ ബാങ്ക് | 0825401001658/2 | 2027319 | 121298/3-11-18 |
| ആകെ | | 16258710 | |

കുറിപ്പ്:-

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ടി. വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഇത് 1-11ൽ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2352 രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2018-19 | 10/8.5.2019 | 2352 | അബ്ദുസൈദ് (അസി.എഞ്ചിനിയർ) | 119150101520/16.05.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം തുടരുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |

| | | | | | | |
|---|---|---|---|---|---|---|
| 1 | 1996-97 (ചാർജ്ജ്) | 35, 38(1), 40 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 574 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 2 | 1996-97 (സർചാർജ്ജ്) | 57 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 112 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 3 | 1996-97 (ചാർജ്ജ്) | 38(2), 38(3),44(എ),(ബി),45,46(എ),(ബി),48 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 83151 | 80269 രൂപ DCRG-യിൽ നിന്നും ഈടാക്കി, 2882 ഈടാക്കാനവശേഷിക്കുന്നു |
| 4 | 1996-97 (സർചാർജ്ജ്) | 50(1), 54,55,64 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 7188/Spl.Cell /SC3/2000 Dt. 15.12.2001 | 1356 | 385 രൂപ ഈടാക്കാനവശേഷിക്കുന്നു |
| 5 | 1998-99 (സർചാർജ്ജ്) | 44, 46(എ), 48,61,62 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF 15741/Spl.Cell /SC5/04 Dt. 07.04.2005 | 39881 | 38989 രൂപ DCRG-യിൽ നിന്നും ഈടാക്കുകയും, 892 രൂപ സ്വയം അടവാക്കുകയും ചെയ്തു |
| 6 | 1999-01 (സർചാർജ്ജ്) | 41, 42, 43 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF 10627/Spl.Cell /SC5/05 Dt. 09.2010 | 73243 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല |
| 7 | 2002-03 (സർചാർജ്ജ്) | 3-3 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF 8486/Spl.Cell /SC5/09 Dt. 05.02.2010 | 9044 | 9044 രൂപ ഈടാക്കാനവശേഷിക്കുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2019-20 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13915288 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 137044158 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14660695 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 199650 | പ്രിൻസിപ്പാൾ ,ശ്രീ പ്രതാപൻ കെ |
| 1-22-1 | 1146525 | പ്രിൻസിപ്പാൾ, ശ്രീ പ്രതാപൻ കെ |
| 1-22-2 | 3622355 | ശ്രീമതി.ലീന തോമസ്. പ്രിൻസിപ്പാൾ |
| 1-22-3 | 1186987 | പ്രിൻസിപ്പാൾ, ശ്രീ പ്രതാപൻ കെ |
| 1-22-4 | 2875834 | പ്രിൻസിപ്പാൾ, ശ്രീ പ്രതാപൻ കെ |
| 1-23 | 133000 | പ്രിൻസിപ്പാൾ, ശ്രീ പ്രതാപൻ കെ |
| 1-29 | 154000 | ശ്രീ. നാസ്സിം.ഇ,നഗരസഭ സെക്രട്ടറി |
| 1-30 | 257000 | ശ്രീ. നാസ്സിം.ഇ,നഗരസഭ സെക്രട്ടറി |
| 1-31 | 2700870 | ശ്രീ. നാസ്സിം.ഇ,നഗരസഭ സെക്രട്ടറി |
| 1-33 | 71474 | ശ്രീ. നാസ്സിം.ഇ,നഗരസഭ സെക്രട്ടറി |
| ആകെ | 14660695 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1979-80 | എൽ എഫ് എം 15/2018/94 തിയതി 3.7.10 | 11 |
| 2 | 1982-83 | എൽ എഫ് എം9/2021/94 തിയതി 3.10.10 | 40 |
| 3 | 1985-86 | എൽ എഫ് എം9/2024/94 തിയതി 10.10.10 | 4 |
| 4 | 1988-89<br>1989-90 | എൽ എഫ് എം6/214/95 തിയതി 10.10.10 | 2 |
| 5 | 1990-91 | എൽ എഫ് എം6/648/96 തിയതി 3.7.10 | 12 |
| 6 | 1991-92 | എൽ എഫ് എം6/1251/94 തിയതി 3.7.10 | 17 |
| 7 | 1992-93<br>1993-94 | എൽ എഫ് എം6/1000/96 തിയതി 3.7.10 | 17 |

| | | | |
|---|---|---|---|
| 8 | 1994-95<br>1995-96 | എൽ എഫ് എം6/1014/97 തിയതി 10.10.10 | 30 |
| 9 | 1996-97 | എൽ എഫ് എം15/617/99 തിയതി 10.10.10 | 11 |
| 10 | 1998-99 | എൽ എഫ് എം14/487/01 തിയതി 10.10.10 | 2 |
| 11 | 1999-00 | എൽ എഫ് എം17/849/06 തിയതി 10.10.10 | 9 |
| 12 | 1999-2002(പ്ലാൻ) | എൽ എഫ് എം14/877/04 തിയതി 12.10.10 | 40 |
| 13 | 2000-01 | എൽ എഫ് എം17/1672/06 തിയതി 10.10.10 | 4 |
| 14 | 2001-02 | എൽ എഫ് എം10/1858/06 തിയതി 10.10.10 | 9 |
| 15 | 2002-03 | എൽ എഫ് എം17/67/08 തിയതി 10.10.10 | 3 |
| 16 | 2003-04 | എൽ എഫ് എം17/68/08 തിയതി 10.10.10 | 8 |
| 17 | 2004-05 | എൽ എഫ് എം17/2239/08 തിയതി 3.7.10 | 14 |
| 18 | 2005-06 | എൽ എഫ് എം14/738/11/ തിയതി 28.5.11 | 10 |
| 19 | 2006-07 | എൽ എഫ് എം14/1576/11 തിയതി 15.11.11 | 19 |
| 20 | 2007-08 | എൽ എഫ് എം14/1291/12/ തിയതി 19.11.12 | 15 |
| 21 | 2008-09 | എൽ എഫ് എം14/1292/12/ തിയതി 19.11.12 | 12 |
| 22 | 2009-10 | എൽ എഫ് എം14/1293/12/ തിയതി 16.11.12 | 8 |
| 23 | 2010-11<br>2011-12 | എൽ എഫ് എം14/399/13 തിയതി 12.7.13 | 18 |
| 24 | 2012-13<br>2013-14 | കെ എസ് എ എം പി എം14/1638/14 തിയതി 29.5.15 | 20 |
| 25 | 2014-15 | കെ എസ് എ എം പി എം25/3388/16 തിയതി 12.7.17 | 20 |
| 26 | 2015-16 | കെ എസ് എ എം പി എം25/240/17 തിയതി 18.4.18 | 16 |
| 27 | 2016-17 | കെ.എസ്.എ.എം.പി.എം.25/2359/17 തിയതി 12.6.19 | 14 |
| 28 | 2017-18 | കെ.എസ്.എ.എം.പി.എം.25/1079/19 തിയതി 18.6.19 | 22 |
| 29 | 2018-19 | കെ.എസ്.എ.എം.പി.എം.25/1464/20 തിയതി 19.11.20 | 21 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്